6807

മലയാളസാഹിത്യകാരന്മാർ- നമ്പർ: 8

230

# കുട്ടികൃഷ്ണമാരാർ

ERNAKULAM

(സംസ്ഥാന വിദ്യാഭ്യാസ ഇൻസ്ററിററ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ശ്രീ. മേലാററൂർ രാധാകൃഷ്ണൻ തയ്യാറാക്കിയത്)

STATE INSTITUTE OF EDUCATION TRIVANDRUM.

1977

PRINTED AT
SUBASH PRINTING WORKS
PALAYAM, TVM-I.

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ചെണ്ടകൊട്ടുകലയെ ചെണ്ടകൊട്ടിച്ചു. | 1 |
| 2. | ദേവഭാഷയുടെ അമൃതസരസ്സിൽ. | 8 |
| 3. | രണ്ടുകാവ്യപ്രതിഭകളുടെ തണലിൽ. | 14 |
| 4. | സാഹിത്യസമീക്ഷ. | 22 |
| 5. | നിരൂപണശൈലി. | 31 |
| 6 | ജീവിതസായാഹ്നം. | 46 |


—**—

# കുട്ടിക്കൃഷ്ണമാരാർ

## 1. ചെണ്ടകൊട്ടുകലയെ ചെണ്ടകൊട്ടിച്ചു

ആററുനോററുണ്ടായ ഒരു സന്താനമായിരുന്നു സ്മര്യ പുരുഷൻ. ക്ഷേത്രപ്രവൃത്തികൊണ്ട് ഉപജീവിയ്ക്കുന്നതായിരുന്നു അദ്ദേഹത്തിൻെറ കുടുംബജാതി. ക്ഷേത്രത്തിൽ ചെണ്ട കൊട്ടായിരുന്നു ആ ജാതിക്കാരുടെ കുലത്തൊഴിൽ. ഒരു ഇടത്തരം കുടുംബമായിരുന്നു മാരാരുടേത്. ക്ഷേത്രപ്രവൃത്തിയ്ക്ക് അന്യപുരുഷന്മാരെയാണ് ഏർപ്പാടുചെയ്തിരുന്നത്. കുട്ടിക്കൃഷ്ണൻെറ അമ്മ അഞ്ചാറു പ്രസവിച്ചിട്ടും, മൂത്തമകൻ ഒഴികെ മററുകുട്ടികളെല്ലാം ചെറുപ്പത്തിൽത്തന്നെ കാലഗതി പ്രാപിച്ചു. “ ഇവിടെ ഒരാൺകുട്ടി ഉണ്ടായി അമ്പലത്തിൽ പ്രവൃത്തി ചെയ്തു ചോറു കൊണ്ടുവന്നൂണു കഴിച്ചിട്ട് കണ്ണടയ്ക്കാൻ സാധിയ്ക്കണെ തൃപ്രങ്ങോട്ടപ്പാ ! ” എന്ന് ആ കുട്ടിയുടെ മുത്തശ്ശി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആ പ്രാർത്ഥനയുടെ ഫലമായോ എന്തോ തൃപ്രങ്ങോട്ടെ കിഴക്കെ മാരാത്ത് (ഇന്നത്തെ മലപ്പുറം ജില്ലയിൽപ്പെട്ട തിരൂർ താലൂക്കിൽ ചരിത്ര പ്രശസ്തമായ തിരുനാവായയിൽ നിന്ന് രണ്ടു കിലോമീററർ പടിഞ്ഞാറ്) ഒരു പുരുഷപ്രജ പിറന്നു: 1900–ാം ആണ്ട് ജൂൺ മാസം 14–ാം തിയതി. മേല്പത്തൂർ ഭട്ടതിരിപ്പാടും തുഞ്ചത്തെഴുത്തച്ഛനും വള്ളത്തോളും പിറന്ന വെട്ടത്തുനാട്ടിൽത്തന്നെയാണ് ചരിത്ര പുരുഷനും പിറന്നത്. കരിക്കാട്ട് (മഞ്ചേരി) മാരാത്ത് കൃഷ്ണ മാരാരായിരുന്നു അച്ഛൻ. കിഴക്കെ മാരാത്ത് ലക്ഷ്മിമാരാസ്യാരായിരുന്നു അമ്മ.

അമ്പലത്തിലെ നിവേദ്യച്ചോറും കല്ലുപ്പുമായി ജീവിതമാരംഭിച്ച കുട്ടിക്കൃഷ്ണൻ ഒട്ടേറെ ബാലാരിഷ്ടതകളിലൂടെയാണ് വളർന്നുവന്നത്. ക്ഷേത്രവൃത്തികൾ അച്ഛൻ പഠിപ്പിച്ചു കൊടുത്തു. എന്നാൽ ആ കുട്ടിയ്ക്ക് ചെണ്ടകൊട്ടഭ്യാസത്തോട് കടുത്ത വെറുപ്പായിരുന്നു. പഠിപ്പിയ്ക്കുമ്പോൾ അച്ഛൻ

ശാസിച്ചിരുന്നില്ല. കുട്ടിയുടെ ഇഷ്ടം നോക്കിയും ലാളിച്ചും പഠിപ്പിച്ചു എന്നാൽ ചെണ്ടകൊട്ടു പഠിപ്പിച്ചതിനാൽ അച്ഛനു് ഒരിയ്ക്കലും കുട്ടിയിൽ നിന്നു് അർഹിയ്ക്കുന്ന പിതൃഭക്തി ലഭിച്ചിരുന്നില്ല. കുട്ടിക്കൃഷ്ണൻെറ ഏഴാംവയസ്സിൽ അർദ്ധമനസ്സോടെ അരങ്ങേററവും നടന്നു. ചില ജാതക ദോഷങ്ങളുടെ പരിഹാരാർത്ഥം പന്ത്രണ്ടു വയസ്സുവരെ ആ ബാലൻ നിത്യവും ശിവദർശനം നടത്തിയിരുന്നു.

പൊട്ടിത്തെറിയ്ക്കാനടുത്ത ആസ്തികതയുടെ നടുവിലാണ് ആ കുട്ടി വളർന്നുവന്നത്. അദ്ദേഹം തൻെറ ബാല്യകാലസ്മരണകളുടെ ചുരുൾ നിവർത്തുന്നത് നോക്കുക: "ജാതികൃതമായ മാനത്തെക്കാളധികം അപമാനം അനുഭവിച്ചുകൊണ്ടാണ് വളർന്നത്. ഞങ്ങൾ അമ്പലവാസികളെന്ന് പറയപ്പെടാറുണ്ടെങ്കിലും, ആ വർഗ്ഗത്തിൽ ഏററവും താണവരാണെന്നാണ് വെപ്പ്. നമ്പൂതിരിമാർക്ക് മററ് അമ്പലവാസിഗൃഹങ്ങളിൽ കേറിച്ചെല്ലാം, അവിടെവച്ച് സ്വയം പാകം ചെയ്തു ഭക്ഷിക്കാം, മാരാത്തെ പടി കടന്നാലോ കുളിക്കണം മാരാത്ത് സംബന്ധമുള്ള ശാന്തിക്കാരൻ അമ്പലത്തിൽ വച്ചോ, മററ് അമ്പലവാസിഗൃഹങ്ങളിൽ വച്ചോ അത്താഴം കഴിഞ്ഞെത്തുമ്പോഴെക്ക് അനുപാനത്തിനുള്ള പാൽ പടിക്കലെത്തിയ്ക്കണം. അത് അവിടെവച്ച് അമൃതേത്തി'യതിനുശേഷമേ തിരുമേനി പടി കടന്നു ശുദ്ധം പററൂ. ഞങ്ങളുടെ പ്രദേശത്തു നായന്മാർ മാരാന്മാരിലും താണജാതിയാണ്. (തെക്കും വടക്കും അങ്ങനെയല്ലത്രെ) എന്നാൽ നായന്മാരിലെ ഉയർന്ന വർഗ്ഗക്കാർ മാരാർ തൊട്ട ചോറുണ്ണില്ല, സ്ത്രീകൾ മാരാർ തൊട്ട വെള്ളം ഉപാലും കുടിയ്ക്കില്ല. അടുത്തുള്ള അമ്പലത്തിലെ ഉരൽപ്പുരയിൽ നെല്ലു കുത്തുന്ന നായർ സ്ത്രീകൾ ഉച്ചയ്ക്കുവന്ന് അമ്മയോടു പറയും. "മാരാസ്യാരേ, കുടിക്കാനിത്തിരി വെള്ളം ശുദ്ധമാക്കിത്തരണേ." പച്ചവെള്ളത്തിൽ രണ്ടുതുള്ളി മോരിററിച്ചു 'മോര്' എന്ന് പറയാറാക്കലാണ് ഈ ശുദ്ധീകരണം — ജാതിവ്യവസ്ഥയിലെ വിശുദ്ധമായ മായം ചേർക്കൽ. അമ്മയ്ക്ക് ഇത് കേൾക്കും പോലെ കർണ്ണശൂലമായിട്ടൊന്നില്ല; എന്നാലും ദാഹിച്ചവെള്ളം ചോദിച്ചതിന് മറുത്ത് പറയരുതല്ലോ എന്നു

വച്ച്, മിണ്ടാതെ ആ അമർഷകാളകൂടം വിഴുങ്ങി, പറഞ്ഞവിധം ചെയ്തു കൊടുക്കും. വല്ലപ്പോഴും സംഗതിവശാൽ ഈ ശുദ്ധീകരണപ്രക്രിയ ചെയ്യാതെ വെറും വെള്ളം കൊടുത്തിട്ടുണ്ടോ എന്നറിയില്ല. അമ്മയുടെ സത്യനിഷ്ഠയിൽ അവർക്കു വിശ്വാസമായിരുന്നു, അഥവാ ദാഹം കൊണ്ടു വിശ്വസിച്ചു.

മേലേനിന്നും താഴേനിന്നുമുള്ള ഈ ആഭിജാത്യാക്രമണത്തിനു പ്രതികാരമായിട്ടാവാം, നായർ വീടുകളിലെ പടികടന്നാൽ കുളിയ്ക്കണമെന്ന് അമ്മ എന്നെ സനിഷ്കർഷം പഠിപ്പിച്ചു ; അഭിമാനരക്ഷാർത്ഥം ഞാനതു 'മാതൃദേവ' ഭാവനയോടെ അനുഷ്ഠിച്ചുംപോന്നു. എന്നാൽ മററൊരുവിഷയത്തിൽ അത്രതന്നെ സത്യനിഷ്ഠ പാലിച്ചിരുന്നുവോ എന്നു സംശയം : അടുത്തുള്ള വാരിയത്തെ രാമൻ എൻെറ ഉററ കളിച്ചങ്ങാതിയായിരുന്നു. ഞങ്ങൾ തമ്മിൽ തൊട്ടുപോയാൽ രണ്ടാളും കുളിച്ചു ശുദ്ധമാകണം. ആയുർവ്വേദത്തിൽ ചില ഉൽകൃഷ്ടദ്രവ്യങ്ങൾ തമ്മിൽ ചേർന്നാൽ വിഷമാകുമെന്നുണ്ട് ; അതുപോലെ മാരാരും വാരിയരും തമ്മിൽ തൊട്ടാൽ രണ്ടുപേരും അശുദ്ധരാകും. ഷാരോടിക്കും വാരിയർക്കും തമ്മിൽ ഈ ആപത്തില്ല. അതിനാൽ മാരാരെ അമ്പലവാസികളിൽ തരം താഴ്ത്തിനിർത്തിയതിനുള്ള പ്രതികാരമാവണം ഇതിലെ 'വിഷം' ഏതായാലും രാമനും ഞാനും ചേർന്നു കളിയ്ക്കുന്നതിനിടയിൽ വല്ലപ്പോഴും പതുക്കെ ഒന്നു തൊട്ടുപോയാൽ, ' സാരമില്ല, അതു കാററുതട്ടിയിട്ടു തോന്നിയതാവാം ' എന്നു സങ്കല്പിച്ചുറപ്പിച്ച് ഇരുവരും കുളി കബളിച്ചിട്ടുണ്ടാവാം.

വേറൊരുററ ചങ്ങാതിയായിരുന്നു കോന്ത — തമിഴ്ബ്രാഹ്മണക്കുട്ടി — 'കുഴന്തൈ'യുടെ മലയാളപ്പതിപ്പ്. അയാൾ ചെറുപ്പം മുതല്ക്കേ അറുപോക്കിരിയായിരുന്നു ; ഈ വകയിലൊന്നും വിശ്വാസവുമില്ല ! ജാതിയിൽ ഇട നിലയ്ക്കു നില്ക്കുന്നവർക്കല്ലാതെ, മുകളിലുള്ളവർക്ക് അഭിമാനക്ഷതിയുടെ വേദനയറിയേണ്ടല്ലോ.

കോന്തയും ഞാനും, അയാളുടെ ‘ ദേഹണ്ണ ’ക്കാരനായ അമ്മാമന്റെ ഭാഷയിൽ ‘മാങ്ങയും വെള്ളരിയ്ക്കയും’ പോലെ പിരിയരുതാത്ത യോജിപ്പിലായിരുന്നു. അക്കാലത്ത് ആ കുഗ്രാമത്തിൽ ഇദംപ്രഥമമായി ഒരു നായർ, ചായക്കച്ചവടം തുടങ്ങി. കോന്തയ്ക്ക് അവിടെച്ചെന്ന് ചായ കുടിച്ചേതീരു, ഒപ്പം ഞാനും കൂടണം. സ്വാഭിമാനക്ഷയവും ഗുരുജനോല്ലംഘനവും ഓർത്തു ഞാൻ മടിച്ചിരിയ്ക്കും, എന്നാലും ജാതിക്കൂറു തന്നെ ജയിച്ചു. ഞങ്ങൾ ചെന്നു പരസ്യമായി ചായയും പിട്ടും കഴിച്ചു എനിക്കത് രണ്ടും അന്ന് ‘ പുത്തരി ’ കൂടിയായിരുന്നു പുറത്തിറങ്ങേണ്ട താമസം, ‘ മഠത്തിലെ കോന്തയും മാരാത്തെകുട്ടിക്കൃഷ്ണനും കൂടി നായരുടെ ചായ കുടിച്ചേ ! ’ എന്ന സത്യാപവാദം ആ ഉൾനാട്ടിലാകെ കാട്ടുതീപോലെ പരന്നു, ഏതാണ്ടൊരു ‘ ജലപിശാചുകാരി’യായ എന്റെ അമ്മയ്ക്ക് തലനിവർത്തി മനുഷ്യന്റെ മുഖത്തു നോക്കാൻ വയ്യാതായി............ആ ഗ്രാമവിപ്ലവം എങ്ങനെയാണ് സമാധാനത്തിലെത്തിയതെന്ന് ഓർമ്മ വരുന്നില്ല. എങ്ങനെയായാലും, നായരുടെ ചായ കുടിച്ചാലും ആപത്തൊന്നുമില്ലെന്ന ആത്മവിശ്വാസവും, പില്ക്കാലത്ത് സ്ക്കൂളിൽ പഠിക്കുമ്പോൾ അങ്ങനെ ചെയ്തു കൊള്ളുവാൻ ഗുരുജനങ്ങളുടെ മൗനാനുവാദവും എനിയ്ക്കു ലഭ്യമായി. ഇന്ന് ജീവിച്ചിരിപ്പില്ലാത്ത കോന്തയുടെ ആത്മാവിന് നന്ദി !

ഇത്ര തന്നെ മേനിയായിപ്പറയാൻ കൊള്ളാത്ത ചില പരാക്രമങ്ങളും ഞാൻ അന്ന് കോന്തയോടു ചേർന്നു ചെയ്തിട്ടുണ്ട്. അതിലൊന്ന്, ഒരു വേനലുച്ചയ്ക്ക് അടുത്തുള്ള വയലിൽ നട്ടുനനച്ചുണ്ടാക്കിയ വെള്ളരിക്കൃഷിയിൽ നിന്ന് കുറേ വെള്ളരിക്കാപ്പൂവൽ കട്ടു പറിച്ചതാണ്. കട്ടതായാലും അയിത്തമായി തിന്നാൻ പാടില്ലാത്തതു കൊണ്ട് അമ്പലച്ചിറയിൽ കുളിച്ച് സ്ഥലസൗകര്യം നോക്കി അമ്പലത്തിലെ ‘ ഗോശാലക്കൃഷ്ണന് ’ പിന്നിൽ ചെന്നിരുന്നു തീൻ കഴിച്ചു. ഏത് ദുർബ്ബുദ്ധികളോ ’ ഇതും പരസ്യപ്പെടുത്തിക്കളഞ്ഞു; അന്നേയ്ക്കു തന്നെ അത്രപ്രസിദ്ധരായിക്കഴിഞ്ഞിരുന്നു ഈ ‘ മാങ്ങയും വെള്ളരിക്ക’യും. പക്ഷേ, ശിക്ഷ എനിയ്ക്കു മാത്രമേ കിട്ടിയുള്ളു എന്ന് തോന്നുന്നു. എന്നെ ശിക്ഷിയ്ക്കാൻ വീട്ടിൽ മുതിർന്ന പുരുഷന്മാരാരും ഇല്ലാത്തതു കൊണ്ടോ, കട്ടുതിന്നത് അമ്പലത്തിൽ വച്ചാ

യതുകൊണ്ടോ, ഞാൻ അമ്പലത്തെ ഉപജീവിയ്ക്കുന്ന കുടുംബത്തിലേതായതുകൊണ്ടോ എന്തോ, ദേവസ്വം പാട്ടാളിയാണ് എനിക്കു ശിക്ഷവിധിച്ചതും നടത്തിയതും: അന്ന് അന്തിയ്ക്ക് ഗ്രാമവാസികരം അമ്പലത്തിൽ തൊഴാൻ പോകുന്ന സമയത്ത് അമ്പലനടയ്ക്കടുക്കൽ പാട്ടാളിയുടെ മുമ്പാകെ നൂററെട്ട് ഏത്തമിടുകയായിരുന്നു ശിക്ഷ. 'അപമാനകരമായ ശിക്ഷയ്ക്ക് വഴങ്ങരുത്, സമരം ചെയ്യാൻ ഞങ്ങളുണ്ട്,' എന്നു പറയാൻ പോന്ന വർഗ്ഗസംഘടനകളൊന്നും അന്നുണ്ടായിത്തുടങ്ങിയിരുന്നില്ല; ഞാൻ ശിക്ഷയ്ക്കു വഴങ്ങി. അതു കൊണ്ടു പില്ക്കാലങ്ങളിൽ എനിയ്ക്കുണ്ടായ നേട്ടമോർക്കുമ്പോരം, വീണ്ടും കോന്തയുടെ ആത്മാവിനോട് നന്ദി പറയാൻ തോന്നുന്നു." ('ഋഷിപ്രസാദം.')

പിന്നീട് പട്ടാമ്പിയിൽ പഠിയ്ക്കുന്ന കാലത്ത് നായന്മാരും തീയ്യരും വച്ചചോററ് അവരോടിടകലർന്നിരുന്നു കഴിയ്ക്കുക എന്ന 'മഹാവിപ്ലവ'വും നടത്തി. അനാചാരലംഘനത്തേക്കാരം, സതീർത്ഥ്യസൗഹൃദത്തിനായിരുന്നു മുൻതൂക്കം നൽകിയിരുന്നത്. കുറെ കൊല്ലങ്ങരംക്കുശേഷം മററൊരു വിപ്ലവവും ഉണ്ടായി. ഒന്നാമത്തെ നമ്പൂതിരിവിധവാവിവാഹത്തിൽ പങ്കെടുത്തു. മാത്രമല്ല, പ്രസ്തുത സംഭവത്തെ പുരസ്കരിച്ചൊരു ലേഖനവും പ്രസിദ്ധപ്പെടുത്തി.

കുഞ്ഞുന്നാരം മുതൽ ചിത്രമെഴുത്തിലായിരുന്നു കുട്ടിക്കൃഷ്ണനന് താൽപര്യം. മരിയ്ക്കുന്നതിന് ഏതാനും വർഷങ്ങരംക്കു മുമ്പ് ശ്രീ സത്യസായിബാബയുടെ ആരം രൂപത്തിലുള്ള രണ്ടു മനോഹരചിത്രങ്ങരം കോഴിക്കോട്ടുള്ള "ഋഷിപ്രസാദം" എന്ന സ്വന്തം ഗൃഹത്തിൻെറ ചുമരിൽ അദ്ദേഹം ആലേഖനം ചെയ്തിരുന്നു.

ക്ഷേത്രങ്ങളിൽ ചെല്ലുമ്പോരം വിണ്ടടർന്ന ചുമരുകളിൽ അവശേഷിച്ചിരുന്ന പഴയ ചിത്രങ്ങരം ഉററുനോക്കി പോരാത്ത ഭാഗങ്ങളെ ഭാവനകൊണ്ട് ചേർത്തു കണ്ട് രസിച്ചു നിൽക്കുകയായിരുന്നു കുട്ടിക്കൃഷ്ണൻെറ ഏററവും വലിയ കൗമാരാഹ്ലാദം.

അയൽഗൃഹങ്ങളിൽ കൊല്ലന്തോറും ഭഗവതിപ്പാട്ടോ, വേട്ടേക്കരൻപാട്ടോ നടക്കുന്ന ദിവസങ്ങളിൽ കല്ലാററക്കുറുപ്പ് കളമെഴുതുന്നതു നോക്കി നിൽക്കുന്നത് കുട്ടിക്കൃഷ്ണന് ഏറെ പ്രിയങ്കരമായിരുന്നു. ശ്രീ ഗുരുവായൂർ ക്ഷേത്രം അദ്ദേഹ

ത്തിനു വൈകുണ്ഠമായിരുന്നു. കാരണമെന്താണെന്നോ? ചുമരുകളിൽ പലരെ നല്ല ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. എന്നാൽ ആ ബാലൻെറ ചിത്രമെഴുത്തിനുള്ള ജന്മവാസനയെ വളർത്തിക്കൊണ്ടു വരത്തക്ക സാഹചര്യമൊന്നും വീട്ടിലോ നാട്ടിലോ ഉണ്ടായിരുന്നില്ല. എന്നിട്ടും കയ്യിൽ കിട്ടിയ കടലാസ്സിലും വീട്ടിലെ ചുമരുകളിലും എല്ലാം ഓരോ രൂപങ്ങൾ വരച്ചും അതിന് പലപ്പോഴും അമ്മയുടെയും കൂടപ്പിറന്നവളുടെയും ശകാരം കേട്ടും കുട്ടിക്കൃഷ്ണൻ അതിനെ ലാളിച്ചു തന്നെ പോന്നു. ഈ ചിത്രകലാഭിനിവേശം വഴിയ്ക്കാവാം ഓണക്കാലത്ത് മണ്ണുകൊണ്ടുള്ള പ്രതിമകളുടെ നിർമ്മാണത്തിൽ കുട്ടിക്കൃഷ്ണൻ താത്പര്യം പ്രദർശിപ്പിച്ചിരുന്നത്.

സംസ്കൃതം പഠിക്കാൻ ഇടയായപ്പോൾ ഈ എല്ലാ അഭിനിവേശവും കൂടി കവിതയുടെ—പദ്യ രചനയുടെ നേർക്കായി. അമ്മ കുറച്ചു കാവ്യം പഠിയ്ക്കുകയും ചില കൈകൊട്ടിക്കളിപ്പാട്ടുകൾ രചിയ്ക്കുകയും ചെയ്തവരായിരുന്നു. അമ്മയിൽ നിന്ന് കിട്ടിയ വല്ല സംസ്കാരലേശം കൊണ്ടുമാവാം കുട്ടിക്കൃഷ്ണനും ചെറുപ്പത്തിൽ ചില ശ്ലോകങ്ങൾ ചമച്ചിരുന്നു.

വിദ്യാരംഭത്തിനു ശേഷം ഒരു എഴുത്തുപള്ളിയിൽച്ചേർന്ന് എഴുതാനും വായിക്കാനും പഠിച്ചു. പിന്നീട് ഒരു പണ്ഡിതൻെറ അടുക്കൽ സംസ്കൃതകാവ്യപാഠം തുടങ്ങി. ആ കാവ്യപാഠം അരുമുഷിപ്പനായിരുന്നു! എങ്കിലും ശ്രദ്ധിച്ചു. കാരണം അത് ചെണ്ടകൊട്ടഭ്യാസത്തിൽ നിന്ന് ഒരു തൽക്കാല മോചനമായിരുന്നു !! ചെണ്ടകൊട്ടഭ്യാസത്തെ അങ്ങനെ സ്മര്യപുരുഷൻ ചെണ്ടകൊട്ടിയ്ക്കുക തന്നെ ചെയ്തു !

നന്നേ ചെറുപ്പകാലത്ത് തന്നെ രാമായണത്തോടും അത് രചിച്ച തുഞ്ചത്തെഴുത്തച്ഛനോടും ആ കുട്ടിയ്ക്ക് ഏറെ ഭക്തിയായിരുന്നു. ഭാരതരാമായണകഥകൾ പേർത്തും പേർത്തും പറഞ്ഞുകേൾപ്പിച്ച് ഇളം മനസ്സിനെ വളർത്തിക്കൊണ്ടു വന്നത് വിദുഷിയായ അമ്മയായിരുന്നു.

അങ്ങനെയിരിക്കെ, കുറെ ദൂരെ ഉണ്ടായിരുന്ന വെള്ളാനശ്ശേരി വാസുണ്ണിയുടെ സംസ്കൃതവിദ്യാലയം ചരിത്രപുരുഷൻെറ നാട്ടിലേയ്ക്കു മാററപ്പെട്ടു. നാലഞ്ചു കൊല്ലം പഠി

ച്ച് അതിൻെറ അതിർത്തിയിൽ എത്തി. സ്ക്കൂൾ നടത്താൻ ആളില്ലാതായി.

ഇതിനകം പ്രസിദ്ധ പണ്ഡിതനും സാഹിത്യകാരനുമായിരുന്ന ശ്രീ കുററിപ്പുറത്ത് കിട്ടുണ്ണിനായരുടെ കീഴിലും സംസ്കൃത ഭാഷാവ്യുൽപത്തിനേടി. അദ്ദേഹത്തെ സംസ്കൃത ഗുരുവായംഗീകരിച്ചു. അക്ഷരശ്ലോകമത്സരങ്ങളിലും താൽപര്യം ജനിച്ചു.

സഹപാഠികളിൽ ചിലർ പട്ടാമ്പി സംസ്കൃതകോളേജിലേയ്ക്കു പുറപ്പെട്ടു. സംസ്കൃത സാഹിത്യ ശാസ്ത്രങ്ങളിൽ ആ യുവാവിന് താൽപര്യമുണ്ടായിക്കഴിഞ്ഞിരുന്നു. പട്ടാമ്പിയിലേയ്ക്ക് മനസ്സു കുതിച്ചു. കൂട്ടത്തിൽ ഗുരുവായൂരിൽ ചെന്ന് ചിത്രമെഴുത്ത് പഠിയ്ക്കുവാനും മോഹമുണ്ടായിരുന്നു. വീട്ടുകാർക്ക് അദ്ദേഹം 'കാരണവരും കൈകാര്യ കർത്താവും' ആയി കഴിഞ്ഞാൽ മതി എന്നുമായിരുന്നു. തെല്ലുമാറിനിന്ന ചെണ്ടകൊട്ട് വീണ്ടും വേണ്ടിവരുമെന്ന് ആ യുവാവ് ഭയപ്പെട്ടു. കലയിൽ വിദഗ്ദ്ധനായിരുന്ന അളിയനോട് ചെറുത്തു നിൽക്കുവാനും ധൈര്യമുണ്ടായിരുന്നില്ല. ഗുരുവായൂർക്കായാൽ ജീവിതച്ചെലവിനുള്ള സംഖ്യയും കുറച്ചു മതി. അവിടെയുള്ള ഒരു അമ്മായിവീട്ടിൽ താമസവും ആവാം:

"ഗുരുവായൂരിൽ ആയാൽ വേറെ ഒരു ഗുണവും ഉണ്ട്. കുട്ടിക്കൃഷ്ണനന് കൊച്ചുമ്മാൻെറ അടുക്കൽ മന്ത്രവാദവും പഠിക്കാം." അത് കേട്ടപ്പോൾ ആ യുവാവ് ആകെ തളർന്നു. കൊച്ചുമ്മാൻ പേരെടുത്ത ഒരു മന്ത്രവാദിയായിരുന്നു. വീട്ടിൽ വല്ലപ്പോഴും അസ്വാസ്ഥ്യമോ, അപായമോ പിണയുമ്പോൾ ഇദ്ദേഹം മന്ത്രവാദം നടത്താറുണ്ട്. ആ കൊച്ചുമ്മാനോടും മന്ത്രവാദത്തോടും വെറുപ്പും ഭയവുമായിരുന്നു. അടുത്ത ജന്മത്തിൽപ്പോലും മന്ത്രവാദിയാകുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല! പട്ടാമ്പിയ്ക്കു പോകാൻ തന്നെ നിശ്ചയിച്ചു. ചെലവിന് മാസത്തിൽ പത്തുറുപ്പിക അയച്ചു തരാനേ സാധിക്കൂ എന്ന് സഹോദരീ ഭർത്താവ് തീർത്തു പറഞ്ഞു. അതിനു സമ്മതം മൂളി പട്ടാമ്പിയ്ക്കു പുറപ്പെട്ടു. ജീവിതത്തിലെ ഒരു സുപ്രധാനവഴിത്തിരിവായിരുന്നു അത്.

## 2. ദേവഭാഷയുടെ അമൃതസരസ്സിൽ

1919 മുതൽ 1923 വരെയുള്ള വർഷങ്ങളിലാണ് ശ്രീ കുട്ടിക്കൃഷ്ണമാരാർ പട്ടാമ്പിസംസ്കൃത കോളേജിൽ സാഹിത്യ ശിരോമണിയ്ക്കു പഠിച്ചിരുന്നത്. പ്രശസ്ത കവിയായിരുന്ന കല്ലന്മാർ തൊടി രാമുണ്ണിമേനോനുമായുണ്ടായ ഗാഢപരിചയം അദ്ദേഹത്തിന്റെ സാഹിത്യോപാസനയ്ക്കുത്തേജനം നൽകി. അവർ സതീർത്ഥ്യരുമായിരുന്നു.

പട്ടാമ്പിയിലെ ജീവിതം ദുരിതം നിറഞ്ഞതായിരുന്നു. സരസ്വതീകടാക്ഷം വേണ്ടതിലധികം ഉണ്ടായിരുന്നെങ്കിലും ലക്ഷ്മീകടാക്ഷം നന്നെ കഷ്ടിയായിരുന്നു. ബ്രാഹ്മണ സദ്യയും അത്താഴക്കൊട്ടും കഴിഞ്ഞ് വളരെ രാച്ചെന്ന് ചില നാളു കളിൽ ഭക്ഷണം കിട്ടാതെയും ഉറങ്ങിയിട്ടുണ്ട്............

പുഷ്കല പണ്ഡിതനായ പുന്നശ്ശേരി നീലകണ്ഠ ശർമ്മയുടെ ഏററവും പ്രിയപ്പെട്ട വിദ്യാർത്ഥിയായിരുന്ന മാരാർ, സംസ്കൃത കോളേജിലെ അതിപ്രഗല്ഭനായ വിദ്യാർ ത്ഥിയുമായിരുന്നു. ആ അഭിവന്ദ്യഗുരുഭൂതന്റെ ഉച്ഛൃം ഖലമായ പല അഭിമതങ്ങളും മാരാരെ ഹഠാദാകർഷിച്ചു.

ക്ലേശഭൂയിഷ്ഠമെങ്കിലും അതീവ ശോഭനമായിരുന്ന തന്റെ വിദ്യാർത്ഥിജീവിതകാലത്തെ മാരാർ അനുസ്മരി യ്ക്കുന്നതു ശ്രദ്ധിയ്ക്കുക. "അന്ന് ബ്രിട്ടീഷ് ഭരണം ഇന്ത്യ യെ കൈയൊഴിച്ചിട്ടില്ലാതിരുന്നതുകൊണ്ട് സംസ്കൃത ഭാഷ യോടും ഭാരതീയസംസ്കാരത്തോടും ഇന്നത്തോളം അവജ്ഞ വന്നു മുററിയിരുന്നില്ല. അതിനാൽ പട്ടാമ്പി കോളേജിൽ കൃ സ്ത്യൻമുസ്ലീം സമുദായക്കാരുൾപ്പെടെ ധാരാളം വിദ്യാർ ത്ഥികൾ വന്നു ചേർന്നിരുന്നു അവിടെ രണ്ടു കൊല്ലം മുമ്പ് തുടങ്ങിയ 'സാഹിത്യശിരോമണി' ക്ലാസ്സിന് അതുവരെ മദി രാശി സർവ്വകലാശാലയുടെ അംഗീകരണം കിട്ടിയില്ല. അതു കാരണം, അക്കൊല്ലം പരീക്ഷയ്ക്കിരിയ്ക്കാൻ പററില്ലെന്ന് ശ

ങ്കിച്ച് മിക്കവിദ്യാർത്ഥികളും പണ്ടേ അംഗീകൃതമായിരുന്ന വിദ്വാൻ ക്ലാസ്സിലേയ്ക്കു മാറിച്ചേർന്നു, ഞാനും വേറൊരാളു മൊഴികെ. എനിയ്ക്കു സംസ്കൃതത്തിൽ ആവോളം പഠിച്ച് അറിവു നേടണമെന്നല്ലാതെ, പരീക്ഷയിൽ ജയിച്ച് ഉദ്യോഗം നേടണമെന്ന ഒരാശയേ ഉണ്ടായിരുന്നില്ല ഇന്നു സ്ക്കൂൾ ഫൈനലിൽ പ്രശസ്ത വിജയം നേടുമ്പോഴേയ്ക്കു ഡോക്ടറോ എഞ്ചിനീയറോ ആവേണ്ടതെന്നു നിശ്ചയിച്ചു പത്രപ്രസ്താവനയിറക്കുന്ന വിദ്യാർത്ഥികളോട് അസൂയ തോന്നുന്നു.

കൂടാതെ, അന്ന് ഞങ്ങളുടെ അദ്ധ്യാപകനായിരുന്ന ശ്രീ ശംഭുശർമ്മാവിന്റെ അടുക്കൽ സംസ്കൃതശാസ്ത്രങ്ങൾ പഠിയ്ക്കുന്നതിലെ സുഖം കൈവിടുവാൻ മനസ്സുവരായ്കയാൽ, ചില സഹപാഠികൾ പ്രേരിപ്പിച്ചിട്ടും ഞാൻ ക്ലാസ്സു മാറാൻ കൂട്ടാക്കിയില്ല. തിരുവനന്തപുരം സംസ്കൃതപാഠശാലയിൽ നിന്നു മഹോപാദ്ധ്യായ ബിരുദമെടുത്ത് ആയിടെ പട്ടാമ്പിയിൽ ഹെഡ്മാസ്ററരായി വന്ന ആ കർണ്ണാടക ബ്രാഹ്മണൻ തർക്കശാസ്ത്രവും പൂർവ്വമീമാംസയും പഠിപ്പിക്കുന്നത്, മററുള്ളവർ ശാകുന്തളം പഠിപ്പിക്കുന്നതിനെക്കാളും ആസ്വാദ്യമായിരുന്നു. നൈഷ്ഠിക ബ്രഹ്മചര്യത്തിന്റെ പ്രശാന്തതേജസ്സ് ഉജ്ജ്വലിയ്ക്കുന്ന ആ തുടുത്ത മുഖവും, കർണ്ണാടകരീതിയിൽ തൂവെള്ളസ്സോമൻ ഞൊറിഞ്ഞുടുത്ത് അതുപോലെ ഉത്തരീയം കൊണ്ട് പുതച്ചു ഞങ്ങളുടെ മുമ്പാകെ പതുക്കെ നടന്നു കൊണ്ട് പതുക്കെ പാഠങ്ങൾ വിവരിച്ചുകൊണ്ടിരുന്ന ആ നീണ്ടുവെളുത്തു മെലിഞ്ഞശരീരവും — ഹാ, ഈ ഭാഗ്യപൂർത്തി അധികം വിദ്യാർത്ഥികൾക്ക് അനുഭവിക്കാനിടയില്ല ; ഏതാനും കൊല്ലങ്ങൾക്കുശേഷം അദ്ദേഹം പരലോകം പ്രാപിച്ചു.'' ('ഋഷിപ്രസാദം')

മാരാരുടെ ശാസ്ത്രഗുരുവായിരുന്നു ശ്രീ ശർമ്മ. ഒരിയ്ക്കൽ ശ്രീ മാരാർ ഒരു സാഹിത്യപ്രബന്ധം സംസ്കൃതത്തിൽ എഴുതി—'' ഉപമാ കാളിദാസസ്യ ''. അത് തന്റെ വിദ്യാവയോവൃദ്ധനായ ഒരദ്ധ്യാപകനെ വായിച്ചുകേൾപ്പിച്ചു. '' മാരാരുടെ ശൈലി പട്ടാമ്പിക്കാരുടേതല്ല '' എന്ന ഒരഭിപ്രായം ആ അദ്ധ്യാപകൻ രേഖപ്പെടുത്തി. ചില നിർദ്ദേശങ്ങളും നല്കി.

തന്റെ വ്യക്തിത്വത്തിനുള്ള അംഗീകാരമായി മാരാർ അതു പരിഗണിച്ചു. എന്നാൽ അന്ന് സ്വായത്തമാക്കിയ സംസ്കൃതഭാഷാശൈലി ഉപയോഗപ്പെടുത്തുവാൻ അദ്ദേഹത്തിനവസരം ലഭിച്ചില്ല ഒരിയ്ക്കൽ മാരാർ വള്ളത്തോളിന്ന് സംസ്കൃതത്തിൽ ഒരു എഴുത്തയച്ചു. മഹാകവിയുടെ മറുപടി മലയാളത്തിലും! അപ്പോഴാണ് മാതൃഭാഷയുടെ മാഹാത്മ്യം തികച്ചും ബോധ്യമായത്. പിന്നീട് അദ്ദേഹം സംസ്കൃതത്തിൽ എഴുതിയിട്ടില്ല

ഇരുപതുകളിൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യയിലുടനീളം ഒരു പുതിയ ഉണർവ്വുണ്ടായിവരികയായിരുന്നു. വിദ്വാൻ സി. എസ്. നായരാണ് പഴമകളെ ചോദ്യം ചെയ്യാനുള്ള ഒരു പ്രവണതയുടെ അന്തരീക്ഷത്തിന് വിദ്യാർത്ഥികളുടെ ഇടയിൽ കളമൊരുക്കിയത്. ശിരോമണിയ്ക്കു പഠിച്ചുകൊണ്ടിരുന്ന കാലത്ത് പാഠ്യഗ്രന്ഥങ്ങളിലെ—സാഹിത്യശാസ്ത്രഗ്രന്ഥങ്ങൾ – ചില സിദ്ധാന്തങ്ങളോട് ഉൽപതിഷ്ണുവായ ആ യുവാവിന് യുക്തിപരമായും സൗന്ദര്യപരമായും ചില വിപ്രതിപത്തികൾ തോന്നി.

ഒരുദാഹരണം ഇതാ:

“ ക: ക: കുത്ര ന ഘുർഘുരായിത ഘുരീഘോരോ
ഘുരേൽസൂകര: ?
ക: ക: കം കമലാകരം വികമലം കർത്തും കരീ
നോദ്യത: ?
കേ കേ കാനി വനാന്യരണ്യമഹിഷാ നോന്മൂല-
യേയു—? ര്യത:
സിംഹീസ്നേഹവിലാസബദ്ധവസതി: പഞ്ചാന-
നോ വർത്തതേ”.

“കാട്ടിൽ ഏതേതു ഗജമഹിഷസൂകരങ്ങൾ എങ്ങനെ എങ്ങനെ തിമർത്തുതകർക്കില്ല, സിംഹം സിംഹിയുടെ പ്രണയവിലാസത്തിൽ മുഴുകിയിരിയ്ക്കുകയാണല്ലോ. ” എന്ന് സാരം. ഇതിൽ ഗജമഹിഷാദികളെപ്പററി ആദ്യഭാഗത്തിൽ ഉജ്ജ്വലരചനയും മൃഗ

ചക്രവർത്തിയായ സിംഹത്തെപ്പററിയുള്ള ഉത്തരഭാഗത്തിൽ സുകുമാര രചനയും ആയതിനാൽ പതൽപ്രകർഷമെന്ന കാവ്യദോഷമുണ്ടെന്ന് മഹാപ്രാമാണികനായ മമ്മടഭട്ടൻ പറഞ്ഞുവച്ചത് മാരാർക്ക് ഒട്ടും ബോധിച്ചില്ല. മറിച്ച് ഗജമഹിഷാദികളെ ഉദ്ധതചേഷ്ടങ്ങളായും സിംഹത്തെ കോമള ചേഷ്ടനായും വർണ്ണിയ്ക്കുകയാൽ ഇങ്ങനെതന്നെയാണ് ഈ പദ്യത്തിൻെറ രചന വേണ്ടതെന്നുംതോന്നി. മമ്മടഭട്ടനാണ് അത് പറഞ്ഞതെന്നതുകൊണ്ട് തൻെറ വിപ്രതിപത്തി അടക്കി വയ്ക്കണമെന്നല്ല, ഗിരിശിഖരമേറി ഉൽഘോഷിയ്ക്കണമെന്നാണ് അദ്ദേഹത്തിനു തോന്നിയത്. അങ്ങനെ വലിയവരയോടെതിരിട്ടുനിന്നു വലുതാകാനുള്ള ഒരുവാസന അദ്ദേഹത്തിൽ നാമ്പെടുത്തുവന്നു. സംസ്കൃതകാവ്യങ്ങളെല്ലാം മഹത്തരങ്ങളാണെന്ന അഭിപ്രായവും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഗുണദോഷവിചിന്തനത്തിലാണ് ശ്രദ്ധ ഊന്നിയിരുന്നത്.

ഇത്തരം വിപ്രതിപത്തികളെ ഉപന്യസിച്ചുകൊണ്ട് ചില സംസ്കൃതപ്രബന്ധങ്ങൾ അദ്ദേഹം "സഹൃദയ" "മഞ്ജുഭാഷിണി" തുടങ്ങിയ സംസ്കൃതപത്രങ്ങളിൽ അക്കാലത്ത് എഴുതിപ്രസിദ്ധീകരിച്ചിരുന്നു. അമരവാണിയിൽ ഒരു മികച്ച ഗദ്യകാരനാവണമെന്നായിരുന്നു മോഹം. മലയാളസാഹിത്യം അത്ര ഗൗരവമായി എടുത്തിരുന്നില്ല. ഭാഷാകൃതികൾ വായിച്ചു രസിച്ചിരുന്നു എന്നുമാത്രം.

അക്കാലത്ത് മാരാരെ ഹഠാദാകർഷിച്ച ഒരു കവിയായിരുന്നു നാലപ്പാട്ട് നാരായണമേനോൻ. "കവനകൗമുദി"യുടെ വിശേഷാൽ പ്രതിയായ 'ഭാഷാവിലാസ'ത്തിൽ പ്രസിദ്ധീകരിച്ചിരുന്ന "ഇന്നത്തെ അമ്മ" എന്നൊരു കവിത മാരാരെ ഒട്ടൊന്നുമല്ല വശീകരിച്ചത്.

"പൊന്നുമകനേ, നിനക്കുനിരന്തരം
നിന്നമ്മ നേരുന്നു മംഗളം !
ചിന്നും രസത്താൽച്ചിരിയ്ക്കുമെൻ പൈതലീ—
മന്നിലെജ്ജീവിതമെന്തറിഞ്ഞു !

പൂവുപോലുള്ള നിൻതൂമെയ്തലോടുമ്പോഠം
നോവുമോ എന്നു ഞാൻ ശങ്കിയ്ക്കുന്നു ;
ദൈവം നിനക്കു കുറിച്ചുവച്ചുള്ളോരു
ജീവിതപ്പോരെത്ര നിഷ്ഠുരമോ ? ...........
പേടിപ്പെടുത്തുകിൽ പിന്തിരിഞ്ഞീടാതേ
മാടിവിളിപ്പതും മാനിയാതേ,
പട്ടുതാനാകിലും വെട്ടുതാനാകിലും
കിട്ടുന്നവയിൽ മനസ്സൂന്നാതേ,
നാലുഭാഗത്തുള്ളോരെത്ര നിന്ദിച്ചു വെ–
ന്നാലുമെത്രയ്ക്കു പുകഴ്ത്തിയാലും
ആകാശം തന്നെയിടിഞ്ഞുവീണീടിലു–
മാകാത്ത കർമ്മത്തിൽ കൈചെല്ലാതേ–
ഇമ്മഞ്ജുകോമളച്ചുണ്ടാൽനുകർന്നുള്ളോ–
രമ്മിത്തപ്പാലു ദുഷിപ്പിയ്ക്കാതേ–
എൻമകനെത്തീടുകെത്തേണ്ടദിക്കിലീ –
യമ്മയെ മുററുമൊരമ്മയാക്കാൻ ! ...........''

ആദർശപ്രവണമായ ആ പ്രായത്തിൽ മാരാരും കല്പൻമാർ തൊടി രാമുണ്ണിമേനോനും പട്ടാമ്പിയിൽ നിന്ന് പെരുമുടിയൂർക്ക് (കോളേജിലേയ്ക്ക്) പോകുമ്പോഠം വഴിനീളെ ഈ കവിത ചൊല്ലി രസിയ്ക്കുമായിരുന്നു.

നാലഞ്ചുവർഷങ്ങഠംക്കുശേഷം നാലപ്പാട്ടിൻെറ "കണ്ണുനീർത്തുള്ളി" വായിച്ചപ്പോഴുണ്ടായ അനുഭവവും മറിച്ചായിരുന്നില്ല. ആ കൃതി പ്രസിദ്ധീകരിച്ചിരുന്ന കാലത്ത് ഒരു രാത്രി മുഴുവൻ ഇരുന്ന് മാരാർ അത് പകർത്തിയെടുത്തു. പ്രശസ്തമായ ആ വിലാപകാവ്യം അദ്ദേഹത്തിൻെറ സാഹിത്യജീവിതത്തിൽ കവിതയിലേയ്ക്കുള്ള തിരിച്ചുവരവിനു സഹായിച്ചു. പട്ടാമ്പിയിൽ എത്തിയകാലത്ത് കാവ്യഭ്രമം ഒട്ടൊക്കെ കുറഞ്ഞിരുന്നു. അതു വീണ്ടും ജനിച്ചു. സംസ്കൃതത്തിലെ പല മികച്ച കാവ്യനാടകാലങ്കാരകൃതികഠം പഠിച്ചിട്ടും അവയെപ്പററി പല വിമർശനങ്ങഠം ചെയ്തിട്ടും – 'സാഹിത്യശിരോമണി' പരീക്ഷ

പാസായിട്ടുപോലും — ഇരുളടഞ്ഞുകിടന്നിരുന്ന ഒരു ഭാഗത്ത് ആദ്യമായി വെളിച്ചംതട്ടിച്ചത്, അദ്ഭുതമെന്നുപറയട്ടെ, "കണ്ണുനീർത്തുള്ളി"യായിരുന്നു. ആ വെളിച്ചത്തെ വളർത്തിയത് നാലപ്പാട്ടിൻെറ കൃതികളും, പിന്നീട്ട് ആ കവിയെ പരിചയപ്പെട്ടപ്പോഠം ഉണ്ടായ വിജ്ഞാനഗർഭങ്ങളായ സംഭാഷണങ്ങളുമാണ്. ആർഷജ്ഞാനത്തിൻെറ മഹത്തായ പല പാഠങ്ങളും ജീവിതഗുരുവായ നാലപ്പാട്ടിൽനിന്നാണ് മാരാർ പഠിച്ചത്. പ്രശംസനീയമായ നിലയിൽത്തന്നെ " സാഹിത്യശിരോമണി " പരീക്ഷ 1923—ൽ ജയിച്ചു.

കുറെയൊക്കെ വിധിവശാലും അധികവും സ്വേച്ഛാവശാലും പട്ടാമ്പിയിൽനിന്നു നേടിയ രത്നവിഭൂതികളാണ് മാരാരുടെ സാഹിത്യസപര്യയുടെ അടിത്തറ. മൃതഭാഷയെ അമൃതഭാഷയാക്കിയ ആ മന്ദാകിനീതീരത്തുനിന്ന് മാരാർ മുങ്ങിയൊഴുക്കാലെചെന്നത് മഹാകവി വള്ളത്തോളിൻെറ സന്നിധിയിലേയ്ക്കാണ്; നാലപ്പാട്ടിൻെറയും.

# 3. രണ്ടുകാവ്യപ്രതിഭകളുടെ തണലിൽ

താൻ പിന്നീട് ഭാഷാഗുരുവായംഗീകരിച്ച മഹാകവി വള്ളത്തോളുമായുണ്ടായ അടുപ്പം മലയാളസാഹിത്യത്തിലേയ്ക്കു മാരാരുടെ ശ്രദ്ധ വീണ്ടും തിരിച്ചുവിട്ടു. വള്ളത്തോളിൻെറ 'സാഹിത്യമഞ്ജരി'കളുടെ പ്രസാധകനായാണ് ആ പരിചയം തുടങ്ങിയത്. ( 1923–1938. )

ഈ കാലയളവിൽ "കഥാമാലിക"യുടെ പത്രാധിപരും കുന്നംകുളത്തുണ്ടായിരുന്ന "വള്ളത്തോൾ മുദ്രണാലയ"ത്തിൻെറ പരിശോധകനുമായിരുന്നു. പ്രൂഫ്‌വായനയായിരുന്നു പ്രധാന ചുമതല. സ്ഥാനം തെററിയ അക്ഷരങ്ങളോ, വ്യാകരണപ്പിശകുകളോ, വാക്യവൈകല്യമോ ഒന്നും മാരാർ കാണാതെ പോവുകയില്ല. വിദ്യാർത്ഥിയായിരുന്ന കാലത്ത് തന്നെ പ്രൂഫ് വായനയിൽ താൽപര്യം ഉണ്ടായിരുന്നു.

ഇതിനിടെ തിരുവയ്യാറിലെ (തഞ്ചാവൂർ) രാജകീയ സംസ്കൃത കോളേജിൽ ചേർന്ന ഉപരിപഠനം നടത്താൻ മാരാർക്ക് വലിയ ആഗ്രഹമുണ്ടായിരുന്നു ശുചീന്ദ്രത്ത് വട്ടപ്പള്ളി പരമേശ്വരശർമ്മയ്ക്കു മാരാർ അക്കാലത്തയച്ച ഒരു കത്തിൽ തൻെറ ആഗ്രഹപ്രകാരം ഒന്നും ചെയ്യാൻ കഴിയുന്നില്ല എന്നു പരിതപിച്ചിരുന്നു.

"ആത്മന്യേവനിലീയന്തേ
ദരിദ്രാണാം മനോരഥാ : "
[തന്നിൽത്തന്നെലയിക്കുന്നു
ദരിദ്രൻെറ മനോരഥം. ]

എന്ന ശ്ലോകവും കത്തിൽ ഉണ്ടായിരുന്നു:

[പ്രശസ്തസാഹിത്യകാരനും ചരിത്രഗവേഷകനുമായ ശ്രീ വി. ആർ. പരമേശ്വരൻപിള്ളയിൽ നിന്നാണീവിവരം ലഭിച്ചത്.]

മഹാകവിവള്ളത്തോൾ മുതലായവരുടെ ശുപാർശ പ്രകാരം എട്ടുറുപ്പിക ശമ്പളത്തിന് ഒരു എലിമെൻററി സ്‌ക്കൂളിൽ അദ്ധ്യാപകനായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. രണ്ടു കൊല്ലം കഴിഞ്ഞ് ആ ശമ്പളത്തിൽ അല്പമൊരു കയററം വെച്ചു കിട്ടിയാൽ കൊള്ളാമെന്നപേക്ഷിച്ചതിൻെറ പരിണാമമെന്തായിരുന്നുവെന്നോ? ആ ജോലി കയ്യൊഴിക്കേണ്ടിവന്നു !

1927 –ൽ മാരാർ പൊന്നാനി താലൂക്കിലെ തൃക്കാവ് കിഴക്കെ മാരാത്ത് നാരായണിക്കുട്ടിയമ്മയെ വിവാഹം കഴിച്ചു. ആ ദാമ്പത്യത്തിൽ മൂന്ന് ആൺമക്കളും നാലുപെൺമക്കളും ജനിച്ചു. മൂത്തപുത്രനായ ശ്രീ കെ. എം. മുരളീധരൻ ചിത്രകാരനും "മാതൃഭൂമി" ദിനപത്രത്തിലെ ഒരുദ്യോഗസ്ഥനുമാണ്. മാരാരുടെ കത്തുകളും, പ്രകാശിതലേഖനങ്ങളും, അപ്രകാശിത ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തുവാനുള്ള പരിപാടികൾ അദ്ദേഹം ആവിഷ്കരിച്ചുവരുന്നു.

വള്ളത്തോളിനെ പരിചയപ്പെട്ടതോടെ മാരാരുടെ സാഹിത്യലോകം വള്ളത്തോൾക്കവിതയായിത്തീർന്നു. അക്കാലത്ത് മാരാർ എഴുതിയിരുന്ന കവിതകളിൽ വള്ളത്തോളിൻെറ വ്യക്തമായ സ്വാധീനം ഒളിഞ്ഞും തെളിഞ്ഞും കാണാം. ധാരാളം വായിക്കുന്ന ഒരു പ്രകൃതക്കാരനായിരുന്നു മാരാർ മഹാകവിയുടെ വൈദുഷ്യവും കവിത്വവും മാരാരെ ഒരു മായാലോകത്തിൽ എത്തിച്ചു. വാഗ്ദേവതയുടെ പുരുഷാവതാരമായിരുന്നു മാരാർക്ക് ആ കവിപുംഗവൻ.

ആദ്യഘട്ടത്തിൽ ഒമ്പതുവർഷം വള്ളത്തോളിൻെറ കുട്ടികളെ പഠിപ്പിക്കുന്ന ഒരദ്ധ്യാപകനായും രണ്ടാം ഘട്ടത്തിൽ ആറുവർഷം കഥകളിസാഹിത്യാചാര്യനായും മാരാർ പതിനഞ്ചു കൊല്ലം കഴിച്ചുകൂട്ടി. പുരാണങ്ങളും കഥകളികാവ്യങ്ങളും വായിച്ച് കഥകളിനടന്മാർക്ക് കഥയിലും സാഹിത്യത്തിലും പരിചയം നൽകുകയായിരുന്നു മാരാരുടെ പ്രവൃത്തി. വള്ളത്തോളിൻെറ സെക്രട്ടറിയുമായിരുന്നു. കേരളകലകളുടെ, വിശിഷ്യാ കഥകളിയുടെ സമുദ്ധാരണയത്നത്തിലായിരുന്നു മഹാകവി.

മാരാരുടെ മനസ്സിൽ അന്നു പതിഞ്ഞിരുന്ന മനോഹരമായ ഒരു ചിത്രം നോക്കുക. "വന്നേരിയിലെ തെങ്ങിൻ പറമ്പുകളുടെ ഇടയിലുള്ള ഒരു കൊച്ചു വീടിൻെറ വെൺമണൽ മുററത്തു സന്ധ്യാസമയങ്ങളിൽ വെളുത്തു നീണ്ട ഒരൊത്ത മനുഷ്യൻ ഒരു തോർത്തുമുണ്ടും ചുററി, തൻെറ കാവ്യസമാധിയ്ക്കൊത്ത വണ്ണം അറിയാതെ ഓരോ മുഖഭാവങ്ങളും അംഗചേഷ്ടകളും കാട്ടിക്കൊണ്ടു നടക്കുന്നത് — അത്താഴം കഴിഞ്ഞ് ഉമ്മറക്കോലായിൽ അമ്പത്തിയഞ്ചു വീതിയുള്ള ഖദർ മുണ്ട് തൊക്കിലേയ്ക്കു കയററിച്ചുററി, കേരംവിക്കാരായ ഞങ്ങളോടു തൻെറ സാഹിത്യപരമായ പൂർവ്വാനുഭവങ്ങളെപ്പററിയും മററും ഫലിതത്തിൽ സംസാരിച്ചുകൊണ്ടു ലാത്തുന്നത് — രാത്രി വളരെ വൈകുവോളം, മുററത്തിട്ട ചൂരൽക്കസേരയിൽ ചമ്രം പടിഞ്ഞിരുന്ന്, എഴുത്തു പലകയിൽ വച്ച കമ്പിറാന്തലിൻെറ വെളിച്ചത്തിൽ സവ്യാഖ്യാനമായ വാല്മീകി രാമായണത്തിൻെറ പഴകിപ്പൊടിഞ്ഞ ഗ്രന്ഥാക്ഷരപ്പുസ്തകത്തിൽ ഉററുനോക്കി തൻെറ സുസമ്മതമായ ആദ്യതർജ്ജമയിൽ കുനുകുനെ തിരുത്തലുകൾ എഴുതിച്ചേർക്കുന്നത്—കുറെ നാടൻ ചിത്രങ്ങളാണിവ." ("മഹാകവിയുടെ ശില്പശാലയിൽ" എന്ന ലേഖനത്തിൽ നിന്ന്:)

കാവ്യങ്ങളിലെ ഏററവും ചെറിയ ദോഷം കാണുവാനെന്ന പോലെ, ഏററവും സൂക്ഷ്മമായ ഗുണം ആസ്വദിപ്പാനും വള്ളത്തോളിനുണ്ടായിരുന്ന ആ കഴിവാണ് മാരാരെ സദാ വിസ്മയിപ്പിച്ചിരുന്നത്.

മാരാർ അക്കാലത്തെഴുതിയ പല കവിതകൾക്കും വള്ളത്തോൾ തിരുത്തലുകൾ ചെയ്തിരുന്നു. മഹാകവിയുടെ ഓരോ ചലനവും മാരാരിൽ ഗാഢമായിപ്പതിഞ്ഞു. ആ മഹാശയൻെറ കാവ്യജീവിതവും സ്വകാര്യജീവിതവും മാരാർ കണ്ടെത്തുകയായിരുന്നു.

വള്ളത്തോൾ കാവ്യരചന നിർവ്വഹിച്ചിരുന്നത് ആത്മവിസ്മൃതിയിൽ ലയിച്ചായിരുന്നു. അദ്ദേഹത്തിൻെറ പല കവിതകളുടെയും കയ്യെഴുത്തുപകർപ്പുകൾ മാരാർ എടുത്തിരുന്നു. "എൻെറ കൊച്ചുമകൾ" എന്ന ആ സാമാന്യം നീണ്ട

കവിത മുഴുവൻ ഒററഇരുപ്പിനു പറഞ്ഞുകൊടുത്തെഴുതിച്ച താണ്. അതെഴുതിയശേഷം രണ്ടുപേരും കൂടി കുന്നംകുളത്തേ യ്ക്കു പോവുമ്പോഠം വഴിയിൽവച്ച് താൻ ആ കവിതയിൽ നാലുവരി പറയാൻ വിട്ട കാര്യം മഹാകവി, മാരാരെ ഓർമ്മപ്പെടു ത്തുകയും ചെയ്തു.

വള്ളത്തോളിൽ മാരാർ കാണുന്ന ഒരു വിശിഷ്ട ഗുണമു ണ്ട് — "പ്രകരണ ശുദ്ധി." ഏതൊരാശയവും അലങ്കാരവും രചനയും പദവുമെല്ലാം അതു പ്രയോഗിയ്ക്കുന്ന സന്ദർഭത്തോ ടു പൊരുത്തപ്പെട്ടിരിയ്ക്കണമെന്നാണ് അതിൻെറ സാരം.

ഒരവസരത്തിൽ മാരാർ എഴുതിയ കവിതയിലെ,

" അവഠംക്കെഴും പൂവണിവേണിമാത്രം
സ്മിതാർദ്രമായെൻെറ മുഖത്തുനോക്കി. "

എന്ന ശ്ലോകാർദ്ധത്തെ

"അവഠംക്കെഴും താരണിവേണിമാത്ര —
മെൻനേർക്കിളം പുഞ്ചിരിയിട്ടിരുന്നൂ. "

എന്നു തിരുത്തിക്കൊടുത്തിട്ടദ്ദേഹം പറഞ്ഞു "ഇതാണ് സംസ്കൃതപദങ്ങഠംക്കു പകരം മലയാള പദങ്ങഠം ഉപയോഗിച്ചാ ലത്തെ ഫലം. "

ഏഴെട്ടു വയസ്സാകുമ്പോഴേയ്ക്കു തന്നെ കവിതയുണ്ടാ ക്കാനും, ദ്രുതകവിതാമത്സരത്തിൽ സമ്മാനം നേടുവാനും തുടങ്ങിയിരുന്ന, സരസദ്രുത കവികിരീടമണിയായിരുന്ന കൊ ടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനെപ്പോലെ കവിതയെഴുതാൻ മാരാർ തന്നെ ചെറുപ്പത്തിൽത്തന്നെ ആഗ്രഹിച്ചിരുന്നു. എന്നാൽ വള്ളത്തോളിൻെറ നിർല്ലോഭമായ സഹായസഹകരണങ്ങഠം ലഭിച്ചി രുന്നിട്ടും ആ സംരംഭത്തിൽ അദ്ദേഹം വേണ്ടത്ര വിജയിച്ചില്ല. എങ്കിലും ഏതാനും കവിതകഠം പ്രസിദ്ധപ്പെടുത്തുകതന്നെ ചെയ്തു. വിദ്യാഭ്യാസകാലത്ത് ചില സതീർത്ഥ്യന്മാർക്ക് പദ്യരചനയിലുള്ള ഹസ്തലാഘവം കണ്ടപ്പോഠം, തനിക്ക് അക്കാ

ര്യത്തിലുള്ള അശക്തി തികച്ചും ബോദ്ധ്യപ്പെടുകയും, ഇനി മേൽ പദ്യരചനയ്ക്കു മിനക്കെടില്ലെന്നു നൈരാശ്യത്തോടെ തീർച്ചപ്പെടുത്തുകയും ചെയ്തു. ആ തീരുമാനം കൊല്ലത്തിൽ ഒരു തവണയെങ്കിലും ലംഘിയ്ക്കാതിരുന്നില്ല.

അക്കാലത്ത് മാരാർക്ക് താൻ ജീവിതത്തിന്റെ അടിസ്ഥാനമായിക്കരുതിയിരുന്ന വിശ്വാസപ്രമാണങ്ങളിലാകെ ഹൃദയഭേദകമായ ഒരിടിഞ്ഞുതകരൽ അനുഭവപ്പെട്ടു. പ്രാപഞ്ചികങ്ങളായ ദുഃഖങ്ങൾക്കും കഷ്ടപ്പാടുകൾക്കും വേദനകൾക്കും ഇടയിൽ താൻ പടുത്തുയർത്തിവന്ന കലാപരമായ സങ്കല്പലോകം തകർന്നു തരിപ്പണമാവുകയായിരുന്നു. താഴെകൊടുക്കുന്ന വരികൾ മാരാരുടെ അക്കാലത്തെ ഹൃദയമഥനത്തിലേയ്ക്ക് പ്രകാശം പൊഴിയ്ക്കുന്നു.

“ സ്വത : സു ദുർഗ്ഗമം വഴിയി, തിപ്പൊഴോ
മുതിർന്ന കൂരിരുൾ നിറഞ്ഞതുമത്രേ;
ഇളിച്ചുകാട്ടുന്നു വിയത്തുമിന്നലാ, —
ലിടികളാൽപ്പേർത്തും കിടുകിടുപ്പിപ്പൂ;
നനുത്തൊരുപട്ടം കിടച്ചൊരീ മിന്നാ—
മിനുങ്ങുമെൻ കണ്ണിലസൂയ ചേർക്കുന്നു.
വഴിയ്ക്കിഴയുന്ന ചെറുലതയുമെൻ
.......................................
കഴൽകളിൽ കെട്ടിപ്പിടിയ്ക്കുവാൻ കിട്ടു—
ന്നതോ, കൂർമുള്ളുകൾ നിരന്നപാഴ്മരം.
പലപാറക്കെട്ടിലടിച്ചെൻ കാൽകളും
തലയുമയ്യയ്യോ, തകർന്നുപോകയായ്;
പലവഴിയ്ക്കല്ലോ ചുടുചുടെയുറ—
ന്നൊലിയ്ക്കുന്നു മമഹൃദയശോണിതം.
നിശീഥനിദ്രയാണ്ടടങ്ങിയോ കാററും
ശ്വസിപ്പാനും മമ കഴിവില്ലെന്നാമോ! ........... ”

വിഷാദാത്മകതയിലേയ്ക്കും നൈരാശ്യത്തിലേയ്ക്കും വഴുതി വീഴുമായിരുന്ന മാരാരുടെ ജീവിതത്തെ ഉന്മേഷപ്രദമാക്കിയത് ആർഷജ്ഞാനിയായ നാലപ്പാട്ടുമായുള്ള നിതാന്ത സമ്പർക്കമായിരുന്നു. അത്ര ഹൃദയ സ്പർശിയായിരുന്നു നാലപ്പാട്ടിൻെറ സഹാനുഭൂതിപ്രകടനം! നാലപ്പാട്ട് തർജ്ജമ ചെയ്തതും വള്ളത്തോറം മാരാരെക്കൊണ്ടു നിർബന്ധിച്ചു വായിപ്പിച്ചതുമായ വിശ്വവിഖ്യാതമായ "പാവങ്ങറം" എന്ന ആ ഫ്രഞ്ചു നോവൽ മാരാരെ ഈശ്വരവിശ്വാസത്തിൽ കുറേ ദൂരത്തോളം കൈപിടിച്ചു നടത്തിയിരുന്നു.

നാം ജീവിതപ്രശ്നങ്ങളുടെ മുമ്പിൽ കയ്യും കാലും കുഴഞ്ഞ് അവശരായി വീഴുമ്പോറം, അതൊക്കെ വിസ്മരിപ്പിച്ചു കളയുന്നതല്ല, ആ പ്രശ്നത്തെപ്പററിത്തന്നെ ചിന്തിപ്പാനും പോംവഴി കാണുവാനുംതക്ക കരുത്തും കഴിവും ഉണ്ടാക്കുന്നതാണ് ഏററവും നല്ല കവിത എന്നും മാരാർ കണ്ടു.

നാലപ്പാട്ടിനെ തനിയ്ക്കേററവും അഭിമതനായ കവിയായി മാരാർ കരുതുന്നത് ഇതു കൊണ്ടെല്ലാമാണ്.

സംസ്കൃതകാവ്യശാസ്ത്രത്തിലെ ചില വിപ്രതിപത്തികളെ ഉപന്യസിച്ചുകൊണ്ട് ചില സംസ്കൃത പ്രബന്ധങ്ങറം മാരാർ എഴുതിയിരുന്നുവല്ലൊ. ആ ഉപന്യാസങ്ങറം സമാഹരിച്ചു 1929 –ൽ മലയാളത്തിൽ "സാഹിത്യഭൂഷണം" എന്ന നാമധേയത്തോടെ ഒരു പുസ്തകമാക്കി അച്ചടിപ്പിച്ചു.

മഹാകവി ഉള്ളൂരിൻെറ അവതാരികയിൽ "സാഹിത്യഭൂഷണം' എന്ന ഈ അലങ്കാരഗ്രന്ഥത്തിൻെറ പ്രണേതാവ് മഹാവിദ്വാനായ ബ്രഹ്മശ്രീ പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാവിൻെറ ശിഷ്യനും, അനതീത യൗവനനെങ്കിലും, ഭാഷാഭിമാനികളുടെ ഹൃദയവേദിയിൽ ഇതിനു മുൻപുതന്നെ ലബ്ധപ്രതിഷ്ഠനുമായ സാഹിത്യശിരോമണി കുട്ടിക്കൃഷ്ണമാരാകുന്നു. മാരാർ ഒരു കുശാഗ്രബുദ്ധിയായ സഹൃദയൻ, ഒരു സ്വതന്ത്രഗാമിയായ ആലങ്കാരികൻ, ഒരുത്പതിഷ്ണുവായ കാവ്യപരീക്ഷകൻ, ഒരു ഊർജ്ജസ്വിയായ സാഹിത്യകാരൻ ഇങ്ങനെ പല നില

കളിൽ കേരളീയർക്കു സുപരിചിതനാണ് '' എന്നു ദീർഘദർശനം ചെയ്തിട്ടുള്ളതു ശ്രദ്ധേയമാണ്. പ്രസ്തുതകൃതി അച്ചടിപ്പിച്ചെങ്കിലും (പാറേമ്മാക്കൽ ചുമ്മാറിൻെറ (കുന്നംകുളം) അച്ചുക്കൂടം.) പ്രകാശിപ്പിക്കുകയുണ്ടായില്ല! അതിനൊരു ഐതിഹാസിക ചരിത്രം തന്നെയുണ്ട്: മാരാർ തന്നെ സംസാരിയ്ക്കുന്നത് നമുക്കു ശ്രദ്ധിയ്ക്കാം. " ജീവിയ്ക്കാൻ അത്യാവശ്യത്തിനു പോലും സമ്പാദ്യമില്ലാതിരുന്നൊരു കാലത്ത്, അതിനെക്കാറം അത്യാവശ്യം ഈ " സാഹിത്യഭൂഷണം " അച്ചടിപ്പിയ്ക്കുകയാണെന്നു തോന്നി, പരിചയമുള്ള ഒരു പ്രസ്സുടമസ്ഥനെ ഏല്പിച്ചു. അച്ചടികഴിഞ്ഞു ബില്ലുകിട്ടിയാൽ വല്ല ഉദാരനൻമാരോടും അപേക്ഷിച്ചു കടംതീർക്കാമെന്നാണ് അപ്പോറം ഭാവന ചെയ്തത്. 163 ക. 2 ണ. യ്ക്കായിരുന്നു ബില്ല്. അതിൻെറ പകർപ്പ് എടുത്ത് പ്രസിദ്ധസാഹിത്യകാരനായ ഒരുദാരനു സഹായ പ്രാർത്ഥനയോടെ അയച്ചുകൊടുത്തു. " 25 ക. വഴിയേ അയച്ചു തരാ''മെന്നു മറുപടിയും വന്നു. അത്രതന്നെ

ഇതു കാരണം പുസ്തകം പ്രസിദ്ധീകരിയ്ക്കാൻ കഴിയാതെ പ്രസ്സിൽ കെട്ടിക്കിടന്നു. എന്നിൽ നിന്ന് ഒന്നും പ്രതീക്ഷിയേ്ക്കണ്ടെന്നായപ്പോറം പ്രസ്സുടമസ്ഥൻ കുറേ പുസ്തകം ഏതോ പുസ്തകശാലക്കാർക്കു വിററ് ആ ഇടപാട് തീർത്തുവച്ചു എന്നു തോന്നുന്നു. അതിനദ്ദേഹത്തിനു നന്ദി. ബാക്കി പുസ്തകം വീണ്ടെടുക്കാൻ ജീവിത വൈഷമ്യങ്ങളാൽ ഇടയായതുമില്ല. അതെല്ലാം പതുക്കെ നശിച്ചുപോയെന്നു വിചാരിയ്ക്കുന്നു "

ജീവിതത്തിലെ ഏററവും വേദന നിറഞ്ഞ ഒരനുഭവമായിരുന്നു അത്. കുറച്ചു കാലത്തേയ്ക്ക് എഴുതാനുള്ള മനഃശക്തി കൂടി നഷ്ടപ്പെട്ടതായി അദ്ദേഹം ഒരിയ്ക്കൽ പ്രസ്താവിച്ചിരുന്നു.

1967–ൽ " സാഹിത്യഭൂഷണം " സാഹിത്യപ്രവർത്തക സഹകരണ സംഘത്തിൻെറ (കോട്ടയം) ആഭിമുഖ്യത്തിൽ പ്രസാധനം ചെയ്തിരിയ്ക്കുന്നു.

വള്ളത്തോളിൻെറ കൂടെ വന്നേരിയിലും, കുന്നംകുളത്തും, കേരളകലാമണ്ഡലത്തിൻെറ പ്രഥമ ആസ്ഥാനമായിരുന്ന തൃശൂരിനടുത്തുള്ള അമ്പലപുരത്തും, ചെറുതുരുത്തിയിലും മാരാർ താമസിച്ചു വന്നു.

1938– ൽ തൃശൂരിൽ നിന്ന് ആറേഴുനാഴിക തെക്കോട്ടു മാറി പുതുതായി തുടങ്ങിയ ഒരു ഹൈസ്കൂളിൽ സംസ്കൃത പണ്ഡിതനായി ജോലിയന്വേഷിച്ചു ചെന്നപ്പോറം അതിൻെറ മാനേജർ മാരാരോടു പറഞ്ഞത്, " അഞ്ചുറുപ്പിക ശമ്പളം തരാമെന്നാണ്– അതേ തികച്ചും അഞ്ചുരൂപ! " പിന്നീട് അദ്ദേഹത്തിനുവേണ്ടി ശിപാർശ ചെയ്ത മാന്യൻെറ നിർബന്ധമനുസരിച്ച് അത് പത്തുറുപ്പികയായി ഉയർത്തി!............

" ഈയാറം സംസ്കൃതം പഠിച്ച മനുഷ്യനല്ലേ, അയാറംക്കത്രമതി, അത്രയ്ക്കേ ഉള്ളൂ "എന്നൊരു ഭാവമാണ് എന്നും എവിടെയും മാരാരെ അഭിമുഖീകരിച്ചു പോന്നിട്ടുള്ളത്. അദ്ദേഹത്തെപ്പററി വല്ലപ്പോഴും വല്ലവരും രണ്ടു വാക്കുപറയുന്നതു പോലും, " മി മാരാർ സംസ്കൃതം പഠിച്ച ആളായിട്ടു കൂടി ............ " എന്നു തുടങ്ങുന്ന സങ്കീർണ്ണവാക്യം കൊണ്ടാണ്. സംസ്കൃതം പഠിച്ചിട്ടുകൂടി അദ്ദേഹത്തിൽ വല്ലതുമൊരു ഗുണം അവശേഷിയ്ക്കുന്നു എന്ന അദ്ഭുതമായിരുന്നു മാരാർക്കുള്ള പ്രശംസ.

കഴിഞ്ഞ തലമുറയിലെ രണ്ടു അനുഗൃഹീത കവികളുടെ അന്തേവാസിത്വം മാരാർക്ക് തൻെറ ജീവിതത്തിൻെറ വസന്തകാലത്തു ലഭിക്കുവാൻ ഭാഗധേയമുണ്ടായി. ഭാഷയിലെ ശക്തിയും സൗന്ദര്യവുമായി മാരാരെ രൂപപ്പെടുത്തിയെടുത്തതും മററൊന്നല്ല.

—**—

# 4. സാഹിത്യസമീക്ഷ

" മാതൃഭൂമി 'യിൽ സേവനമനുഷ്ഠിച്ചിരുന്ന കാലഘട്ടത്തിലാണ് മാരാരുടെ " താര ഗംഭീര' വും വിശിഷ്ടവുമായ നാദം കേരളമാകമാനം മുഴങ്ങിക്കേട്ടത്. നിരൂപണ സാഹിത്യരംഗത്തു നിന്നുയർന്നുകേട്ട അദ്ഭുതാവഹമായ ആ വാദ്യഘോഷം സകലരെയും ആകർഷിച്ചു.

1938 – ലാണ് " മാതൃഭൂമി " ദിനപത്രത്തിൽ പ്രൂഫ് റീഡറായി മാരാർ ജോലിയാരംഭിച്ചത്. കലാമണ്ഡലത്തിൽ നിന്നും ലഭിച്ചിരുന്ന തുച്ഛമായ വരുമാനം കൊണ്ട് അദ്ദേഹത്തിന് കുടുംബം പുലർത്താൻ സാധിയ്ക്കാതെ വന്നതാണ് പ്രവർത്തനമണ്ഡലത്തിലുള്ള ഈ മാററത്തിനു പ്രധാനകാരണമായിത്തീർന്നത്.

ഇരുപത്തിയഞ്ചോളം കൃതികളിലായി മാരാരുടെ അത്യനർഘമായ സാഹിത്യപ്രപഞ്ചം വ്യാപിച്ചു കിടക്കുന്നു. സാഹിത്യശാസ്ത്രം, നിരൂപണം, ലേഖനങ്ങൾ – പലവക, ഗദ്യപരിഭാഷ, കവിത, നാടകം, ബാലസാഹിത്യം എന്നീ വിവിധ ശാഖകളിൽ ഉൾപ്പെടുന്നവയാണവ. ശ്രീ സുകുമാർ അഴീക്കോടിൻെറ ഈ പ്രസ്താവന ശ്രദ്ധേയമാണ്: " സ്വയം അതിഗാഢമായി ചിന്തിച്ചെഴുതുന്ന മാരാർ, വായനക്കാരനെയും അതിഗാഢമായി ചിന്തിയ്ക്കാൻ പ്രേരിപ്പിയ്ക്കുന്നു. ഈ സ്വഭാവത്തിൻെറ ഫലമായി, താൻ രചനാശുദ്ധിയ്ക്കു നിർദ്ദേശിച്ച നയങ്ങളും നിയമങ്ങളുമടങ്ങിയ ' മലയാളശൈലി ' വിഭാവനം ചെയ്യുന്നതിനെക്കാൾ ഉൽകൃഷ്ടമായ ഒരു ശൈലി ആവിഷ്കരിയ്ക്കുവാൻ മാരാർക്കു സാധിച്ചു. ആധുനികഗദ്യത്തിൻെറ എല്ലാ ആന്തരശക്തികളും ബാഹ്യശോഭകളും സ്വായത്തമായ ഒരു നിസ്തുല ശൈലി, എങ്ങനെ ആംഗലജ്ഞാനമില്ലാത്ത ഒരാൾ ആർജ്ജിച്ചു എന്ന് അദ്ഭുതപ്പെടുന്നവർ, ശൈലിയെ സൃഷ്ടിയ്ക്കുന്നത് ആംഗലഭാഷാജ്ഞാനമല്ലെന്നും ചിന്തയാണെന്നും മറന്നു കളയുന്നു. ആംഗലഭാഷയിൽപ്പോലും മാരാരുടേതിനൊപ്പം ചിന്താ

ധന്യമായ ഒരു ശൈലിയിൽ എഴുതാൻ കഴിവുള്ളവർ ഇന്ന് ഏറെ പ്പേരില്ല എന്നാണെൻെറ അനുഭവം. ബർനാഡ്ഷായുടെ ബുദ്ധിയും മല്ലീനാഥൻെറ ഹൃദയവും അവ്യാഖ്യേയമായ ഏതോ രസപാകത്തിൽ തന്നിൽ ഉരുംച്ചേർത്തു സ്വാംശീകരിച്ച കുട്ടികൃഷ്ണമാരാർ, പൂർവ്വാഹ്നത്തിലെ വെയിൽപോലെ മലയാള സാഹിത്യത്തിൽ എന്നും വളർന്നുകൊണ്ടിരിയ്ക്കുന്ന ഒരു ശക്തിയായിരിയ്ക്കും." ("മാരാരെ മനസ്സിലാക്കുക" —അവതാരിക: 'കല ജീവിതം തന്നെ')

മാരാർ കേരളകലാമണ്ഡലത്തിലെ സാഹിത്യാദ്ധ്യാപകനായിരുന്ന അവസരത്തിലെ ആചാര്യത്വമാണ് അദ്ദേഹത്തിൻെറ കൃതികളിലും വ്യാഖ്യാനങ്ങളിലും ഉന്നീളം കാണുന്നത്. അമൂലമായിട്ടൊരു വാക്കെഴുതാതെയും അനപേക്ഷിതമായിട്ടൊരക്ഷരം പറയാതെയും മാരാർ പുതിയൊരു വ്യാഖ്യാനരീതി മലയാളനിരൂപണ സാഹിത്യത്തിൽ ഉദ്ഘാടനം ചെയ്തിരിയ്ക്കുന്നു. സാഹിത്യത്തിനുമാത്രം തനതായ ശാശ്വതമൂല്യമെന്നൊന്നില്ലെന്നും, ജീവിതത്തിൻെറ ശാശ്വതമൂല്യം തന്നെയാണ് സാഹിത്യത്തിനും ജീവദായകമായിരിയ്ക്കുന്നതെന്നും അദ്ദേഹം ഉച്ചത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പുരോഗമനസാഹിത്യപ്രസ്ഥാനത്തെ അദ്ദേഹം ഒററയ്ക്കെതിർത്തു. ഡോക്ടർ കെ. ഭാസ്കരൻനായരുടെ 'വിഷാദ പാദ'ത്തെ നഖശിഖാന്തം വിമർശിച്ചു. ഏ ബാലകൃഷ്ണപിള്ളയുടെ 'യുഗാത്മകവിമർശന'ത്തെയും, പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയുടെ 'ശാകുന്തളവാദ'ത്തെയും മാരാർ എതിർത്തിരുന്നു. ഏ. ആർ രാജരാജവർമ്മയുടെ 'വ്യാകരണ സംബന്ധമായ' വാദഗതികളെയും നിരൂപണം ചെയ്തു.

പ്രൊഫ. മുണ്ടശ്ശേരി "മാരാർ ഇന്നും അന്നത്തെ നിലയിൽത്തന്നെ നില്ക്കുന്നു" എന്ന് വളർച്ചയില്ലായ്മയെ ചൂണ്ടിക്കാട്ടി ശാകുന്തളവാദത്തെ സംബന്ധിച്ച ലേഖനം ഉപസംഹരിച്ചപ്പോൾ, "ശ്രീ മുണ്ടശ്ശേരിയ്ക്ക് അതേ "കോംപ്ളിമെൻറ്" തിരിച്ചുകൊടുക്കുവാൻ സാധിയ്ക്കാത്തതിൽ വ്യസനിയ്ക്കുന്നുഎന്നു മാരാർ രേഖപ്പെടുത്തിയത് ചരിത്രപുരുഷൻെറ ഫലിതമർമ്മജ്ഞതയ്ക്കു മകുടോദാഹരണമാണ്.

" ഹാസസാഹിത്യം " എന്ന നിരൂപണഗ്രന്ഥത്തിന്റെ ആമുഖത്തിൽ സ്വന്തം വീക്ഷണഗതി അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. " സാഹിത്യത്തെപ്പറ്റി ഞാനെന്തു പറഞ്ഞപ്പോഴും ഒരെതിർപ്പുണ്ടാകാതിരുന്നിട്ടില്ല. അവയിൽ പലതും എന്റെ ഏകാന്തമാർഗ്ഗത്തിൽ എനിയ്ക്കു പിന്തുണയായായിട്ടുണ്ട്. "

കാളിദാസഭാവനയുടെ പ്രമുഖ വ്യാഖ്യാതാവായിരുന്ന മാരാർ വ്യാഖ്യാതാവിന്റെ ധർമ്മം വെളിപ്പെടുത്തുന്നതിപ്രകാരമാണ്. " വ്യാഖ്യാനമെഴുതുക എന്നത് ഞാൻ മനസ്സിലാക്കിയേടത്തോളം കഠിന പദങ്ങളുടെ അർത്ഥം പറയലോ, രസാലങ്കാരാദിയെ സമന്വയിപ്പിയ്ക്കലോ അല്ല; കാവ്യത്തിന്റെ കലാത്മകവും ജീവിതവിമർശാത്മകവുമായ മൂല്യങ്ങളെ വെളിപ്പെടുത്തുകയാണ്. "

കേരളസാഹിത്യഅക്കാദമി പ്രസിദ്ധപ്പെടുത്തിയ " ബാണഭട്ടന്റെ ആത്മകഥ " നിരൂപണം ചെയ്തുകൊണ്ട് മാരാർ ഇങ്ങനെ എഴുതി "മുന്നൂററി എൺപതു പേജുള്ള ഈ പുസ്തകം വായിച്ചുതീർന്നപ്പോൾ ഇതിനു ബാണഭട്ടന്റെ ആത്മഹത്യ എന്നു പേരിടുന്നതല്ലേ കൂടുതൽ യോജിച്ചതെന്ന് ബാണഭട്ടന്റെ വ്യക്തിത്വവുമായി പരിചയപ്പെടുവാനിടയായിട്ടുള്ള ചിലർക്കെങ്കിലും തോന്നിക്കൂടായ്കയില്ല. " അതേ തൂലിക തന്നെ വൈലോപ്പിള്ളിയുടെ " കന്നിക്കൊയ്ത്തി"നെഴുതിയ അവതാരികയിൽ "സഹ്യന്റെ മകൻ " എന്ന കവിതയിൽ മേഘസന്ദേശത്തിലെ അദ്ഭുതകലാസൗഭാഗ്യത്തിന്റെ ഒരംശം ഉപസ്തരിച്ചിട്ടുണ്ടെന്നു കുറിയ്ക്കുവാൻ മടി കാണിച്ചതുമില്ല.

വ്യക്തിത്വത്തിന്റെ നിറകുടമായിരുന്നു അദ്ദേഹം. അജയ്യതയുടെയും സ്വപ്രത്യയസ്ഥൈര്യത്തിന്റെയും പ്രതീകവുമായിരുന്നു. മലയാളനിരൂപണത്തിൽ ഒരു കൊടുങ്കാററഴിച്ചുവിട്ട അദ്ദേഹം സ്വന്തം ആത്മാവിലേയ്ക്കു തിരിഞ്ഞുനോക്കുന്നു " — എനിയ്ക്ക് ചില അഭിപ്രായങ്ങളുണ്ട്. പ്രജ്ഞയിൽ അവ പാകപ്പെട്ടുവന്ന കാലംമുതല്ക്ക് ഇതുവരെ അതിൽ ഉറച്ചുനിന്നിട്ടുണ്ട്. അതിൽ വൈകല്യങ്ങൾ ഉണ്ടാകാം. ഉണ്ടാകട്ടെ. ബോദ്ധ്യം വന്നിട്ടില്ല. ബോദ്ധ്യം വരുമ്പോൾ തിരുത്താം. ഇതു

മൂലം പലരും പിണങ്ങി. പിണങ്ങട്ടെ ........ഞാൻ പിൻതിരിപ്പനാണ്, പക്ഷേ മനുഷ്യനല്ലാതായിട്ടില്ല. ഒരിയ്ക്കലും അത് നഷ്ടപ്പെടരുതെന്ന വിചാരവും ഉണ്ട്. പിൻതിരിപ്പനായതു കൊണ്ട് എത്രപേർ വേണമെങ്കിലും പിണങ്ങട്ടെ. മുൻതിരിപ്പനായി നിന്നുകൊണ്ട് മുന്തിക്കയറുവാനും മുന്തിക്കയറുന്നവർക്ക് കൂട്ടുവാങ്കുവിളിച്ചു കൊടുക്കുവാനും എന്നെക്കൊണ്ടാവില്ല. ''

ബോധ്യം വന്നാൽ അഭിപ്രായത്തിൽ മാററം വരുത്തുമെന്നതിനുദാഹരണമായി ശ്രീ. കെ. കെ. വാദ്ധ്യാരുടെ ''വൃത്തവിചാര''ത്തിനു മാരാർ എഴുതിയ അവതാരിക ചൂണ്ടിക്കാട്ടാം. ''വൃത്തശില്പ''ത്തിലെ സിദ്ധാന്തങ്ങളുടെ സാധുതയെ ശ്രീ വാദ്ധ്യാർ തൻെറ ഗ്രന്ഥത്തിൽ ചോദ്യം ചെയ്തിരുന്നു. ശ്രീ വാദ്ധ്യാരുടെ അഭിമതങ്ങളെ മാരാർ സ്വാഗതം ചെയ്തിട്ടുണ്ട്.

എപ്പോഴും തേജസ്സിൻെറയും സനാതനമൂല്യങ്ങളുടെയും പക്ഷത്തായിരുന്നു അദ്ദേഹം നിലകൊണ്ടത്. ആർഷപാരമ്പര്യത്തോടുള്ള അബോധപൂർവ്വകമായ ആകർഷണമായിരിയ്ക്കാം അതിനു നിദാനം. ഒരു സാഹിത്യ വിമർശകനിലും ഉപരിയായി ഒരു സാഹിത്യദാർശനികനെയാണ് നാം മാരാരിൽ കണ്ടെത്തുന്നത്. നിരന്തരമായ പഠനമനനങ്ങളാം കൊണ്ടു സംസ്കരിയ്ക്കപ്പെട്ട ഒരു മാനസിക പശ്ചാത്തലം അദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ടെന്ന് അദ്ദേഹത്തിൻെറ പ്രൗഢങ്ങളായ നിബന്ധങ്ങൾ വ്യക്തമായും വിളിച്ചു പറയുന്നു.

തന്നോടു വിയോജിയ്ക്കുന്നവരെക്കൊണ്ടു പോലും താനെഴുതിയതു സാവധാനം വായിപ്പിയ്ക്കാനുള്ള അനന്യസാധാരണമായ കഴിവു മാരാർക്കുണ്ട്. ആധുനിക ഗദ്യത്തിൻെറ മഹത്തമുദ്രകളായ ശക്തിയും ഋജുത്വവും പ്രസാദവും വൈചിത്ര്യവും സരളധർമ്മവും വേണ്ടപടി ഇണങ്ങിച്ചേർന്ന ഒരു നൂതനരീതി സ്വായത്തമാക്കിയ വിമർശകവര്യനാണദ്ദേഹം. സാഹിത്യവിമർശനത്തെ മലയാളത്തിൽ സ്വതന്ത്രവും മൗലികവുമായ ഒരു ശാഖയായി ഉയർത്തിയവരുടെ കൂട്ടത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനം അദ്വിതീയമാണ്. വിദഗ്ദ്ധനായ വ്യാഖ്യാതാവും നിരീക്ഷണപടുവായ കാവ്യസൗന്ദര്യപ്രകാശകനും കൂടിയാണ

ദ്ദേഹം. പരമ്പരാഗതമായ വിശ്വാസസംഹിതകളെ പിടിച്ചു കുലുക്കി ബോധതലത്തിൽ അദ്ദേഹം ഇളക്കി പ്രതിഷ്ഠകൾ നടത്തി. വൈദേശികവും ധർമ്മനാശകവുമായ മൂല്യാതിക്രമങ്ങളെ നിലംപരിശാക്കി. "പുതുമ നിറഞ്ഞ പിൻതിരിപ്പനും, വിപ്ലവ ബോധമുള്ള യാഥാസ്ഥിതികനുമാണദ്ദേഹം."

പ്രൊഫസർ മുണ്ടശ്ശേരി പ്രസ്താവിച്ചതുപോലെ "യുക്തിവിചാരകൗശലം, അതാണ് മാരാരുടെ നിരൂപണത്തെ ഈ പ്രായത്തോളം വളർത്തിയെടുത്തത്." മലയാളനിരൂപണ സാഹിത്യത്തിലെ ആ ഭീഷ്മാചാര്യർ യുക്തിബോധത്തെയും സൗന്ദര്യബോധത്തെയും സമന്വയിപ്പിച്ചു.

ഏകകാലത്ത് വിഗ്രഹാരാധകനും, വിഗ്രഹഭഞ്ജകനുമായി നിലകൊണ്ട മാരാർ ഒരിയ്ക്കലും വിഗ്രഹപ്രതിഷ്ഠാപകനായിരുന്നില്ല. ധർമ്മത്തിൽ അധർമ്മവും, അധർമ്മത്തിൽ ധർമ്മവും ഒരുപോലെ കണ്ടുകൊണ്ടാണദ്ദേഹം ഇതിഹാസങ്ങളെ സമീപിച്ചിരുന്നത്.

താൻ ലേഖനങ്ങളെഴുതുന്ന സമ്പ്രദായത്തെ പുരസ്കരിച്ച് മാരാർ ഇങ്ങനെ ഉപന്യസിച്ചിരിയ്ക്കുന്നു. "പല ഗദ്യകാരന്മാരുമായി അടുത്തിടപെട്ടിട്ടുള്ളതിൽ അവരുടെ ഹസ്തലാഘവം കണ്ടിട്ട് അസൂയപോലും തോന്നിയിട്ടുണ്ട്. മിക്കവർക്കും ഒററ ഇരുപ്പിന് ഭംഗിയിൽ ഒരുപന്യാസം എഴുതിത്തീർക്കുവാൻ ഒരു വിഷമവും ഇല്ല. ചിലർക്ക് അങ്ങനെയേ വയ്ക്കൂ. മററു ചിലർക്ക് വല്ലതുമൊന്നെഴുതിയുണ്ടാക്കാതെ ഒരു ദിവസവും കഴിഞ്ഞുപോവില്ല. വേറെ ചിലർക്കു കേട്ടെഴുതാൻ ഒരാളെ കിട്ടുകയേ വേണ്ടൂ, ഇടമുറിയാതെ പറഞ്ഞുകൊടുത്തെഴുതിച്ച് വേറെ പണിനോക്കും. ഈ പറഞ്ഞുകൊടുത്തെഴുതിയ്ക്കുന്ന ഏർപ്പാടൊന്ന് പരീക്ഷിയ്ക്കണമെന്നുവച്ച് ഒരിയ്ക്കൽ ഞാനും പരിശ്രമിയ്ക്കായ്കയില്ല. ആദ്യമേ ആലോചിച്ചുറപ്പിച്ച രണ്ടോ മൂന്നോ വാക്യം പറഞ്ഞുകൊടുത്തു. അപ്പോഴേയ്ക്ക് മനസ്സ് പ്രതിപാദ്യത്തിൻെറ നാനാവശങ്ങളിലേയ്ക്ക് ചിന്നിച്ചിതറി ഒന്നും തിരിച്ചറിയാതായി. "താങ്കൾ താങ്കളുടെ

പാടുനോക്കിക്കോളു, ഞാൻ പിന്നീടെഴുതിക്കൊള്ളാം,'' എന്ന് പറഞ്ഞ് ആ സുഹൃത്തിനെ സ്വതന്ത്രനാക്കി.

എനിയ്ക്ക് വല്ലതുമൊന്നെഴുതണമെങ്കിൽ, പ്രതിപാദ്യത്തിൻെറ സാമാന്യമായ രൂപഘടന നേരത്തെ മനസ്സിൽ കണ്ട് അത് ഒരു വിധം വെടിപ്പായി പറഞ്ഞൊപ്പിയ്ക്കാമെന്ന് ഉൽസാഹം തോന്നണം. എന്നിട്ട് മനസ്സിന് ആഘാതമൊന്നുമേല്ക്കാത്ത സ്ഥലവും സമയവും കിട്ടണം. എഴുതാൻ തുടങ്ങിയാൽ, മനസ്സ് സങ്കല്പിച്ച് കണ്ടവഴിയ്ക്കല്ല പ്രതിപാദനം തിരിയുന്നതെന്നുവരും. അവിടെ ഗതിമുട്ടി. അപ്പോൾപ്പിന്നെ എഴുന്നേററ് കുറെ നടന്നാലോചിയ്ക്കണം. ചിലപ്പോൾ എഴുത്തുതുടരാൻ പിറെറന്നേ വഴി കണ്ടുള്ളൂ എന്നു വരാം. ഇതങ്ങിനെ പല ഘട്ടങ്ങളായി ആവർത്തിച്ച് ഏതാണ്ടൊന്ന് രൂപപ്പെട്ടുവന്നാൽ, മിനക്കേട് മുഴുവൻ പിന്നെയാണ്. ആദ്യം കുത്തിക്കുറിച്ചതിൽ പലേടത്തും ആശയാവേശംമൂലം കൈപതറി അക്ഷരം മുഴുവൻ എഴുതിയിരിയ്ക്കയില്ല. വാക്യഘടന മിക്കതും പിഴച്ചിരിയ്ക്കും. മിക്കസ്ഥലത്തും തക്ക വാക്കുകളല്ല എഴുതിയിരിയ്ക്കുക. വേണ്ടാത്ത ഘടകപദങ്ങളും മററും വളരെ വന്നിരിയ്ക്കും. പൂർവ്വാപരബന്ധം അഘടിതമോ അസ്പഷ്ടമോ ആയിരിയ്ക്കും. ഇങ്ങനെ പലതും. അതൊക്കെ സൗകര്യം പോലെ നോക്കിത്തിരുത്തിക്കഴിയുമ്പോഴേയ്ക്ക് ആ എഴുതിയതൊക്കെ വൃത്തികേടാവും. എനിയ്ക്കു മാത്രമേ അതു നോക്കി അസ്സലെഴുതാൻ പററൂ.

അസ്സലെഴുതിയ കോപ്പി വീണ്ടും സ്വസ്ഥമായിരുന്നു വായിച്ചോ, പലപ്പോഴും വല്ല സുഹൃത്തുക്കളെക്കൊണ്ടും വായിപ്പിച്ചോ നോക്കുമ്പോൾ വീണ്ടും പല മാററങ്ങൾ ചെയ്തു ചെയ്ത് അതും വൃത്തികേടാവും. പിന്നെയും മാററി എഴുതുക തന്നെ! ഒരിക്കലെഴുതിയത് പകർത്തുക എന്ന പണി വലിയ ബോറാണെന്നു പല സുഹൃത്തുക്കളും പറഞ്ഞു കേട്ടിട്ടുണ്ട്; എനിക്ക് ഏററവും ആശ്വാസപ്രദമായ തൊഴിലാണത്. അപ്പോഴെല്ലാം ആവാപോദ്വാപങ്ങളും മിനുക്കുവേലകളും ചെയ്യാമല്ലൊ. മൂന്നും നാലും അഞ്ചും തവണ മാററി എഴുതിയവയാണ് എൻെറ മിക്ക പ്രബന്ധങ്ങളും.

എൻെറ ഈ സ്വയം തിരുത്തൽപ്പണിയ്ക്കു പഴയ ചിത്രകലാഭിനിവേശത്തോടു നല്ല ഒരു അടുപ്പം കാണുന്നു. ചിത്രകാരൻ ആദ്യം ഒരു പടുകുറി വരച്ചതിനുശേഷം, ഇവിടെ കുറിച്ചത് അങ്ങോട്ടു മാററുക, മറെറാന്നു വേണ്ടെന്നു വയ്ക്കുക, ഒന്നു കുറേക്കൂടി വിസ്തരിയ്ക്കുക, മറെറാന്നു ചുരുക്കുക മുതലായി പല മാററവും ചെയ്യാറുണ്ടല്ലൊ. പ്രതിമാശില്പിയും കുറെയൊക്കെ ഇതുപോലെ തന്നെ. ദ്വിമാനവും ത്രിമാനവുമായ ചിത്ര ശില്പകലകളിലേക്കാളധികം മാററങ്ങൾ അനേകമാനമായ പ്രബന്ധരചനയിൽ വരുത്താം. അതു പ്രബന്ധമെഴുതി കൈവിടുന്നതു വരെ എനിയ്ക്കു ചെയ്യേണ്ടിവരാറുമുണ്ട്. തിരുത്തിത്തിരുത്തി ആദ്യം കരുതിയ രൂപത്തിലൊന്നുമല്ലാതായിട്ടേ ഏതും പുറത്തിറങ്ങിയിട്ടുള്ളൂ."

("ഋഷിപ്രസാദം." പ്രസ്താവന.)

മറെറാരവസരത്തിൽ മാരാർ ഇങ്ങനെ എഴുതി. "ഓരോ എഴുത്തുകാരനും ആദ്യം കുറെ പദ്യം എഴുതി ശീലിയ്ക്കണം. അങ്ങനെ ചെയ്തതിനു ശേഷം ഗദ്യത്തിലേയ്ക്കു കടന്നാൽ ഗദ്യത്തിനു കൂടുതൽ ഛന്ദഃസൗന്ദര്യം ഉണ്ടാകും."

ആട്ടക്കഥയിലും ശാസ്ത്രീയസംഗീതത്തിലും അദ്ദേഹത്തിന് അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു. വള്ളത്തോളുമായുണ്ടായ ചിരകാലസമ്പർക്കമാവണം പ്രധാന കാരണം. വള്ളത്തോളിൻെറ "ഗ്രന്ഥവിഹാരം" (1928) എന്ന നിരൂപണ സമുച്ചയഗ്രന്ഥത്തിന് മാരാർ ആണ് അവതാരിക എഴുതിയത്. നിരൂപണസംരംഭത്തിലെ ഗണപതിക്കൈയാണ് ആ അവതാരിക. മലയാളനിരൂപണത്തിൻെറ അന്നത്തെ അനുകമ്പാർഹമായ നിലയെ വിസ്തരിച്ചശേഷം മാരാർ തൻെറ നിരൂപണാദർശത്തെപ്പററി ഇങ്ങനെ പ്രസ്താവിച്ചിരിയ്ക്കുന്നു. "നിരൂപ്യമാണമായ ഗ്രന്ഥത്തിലെ ഗുണങ്ങളെയും ദോഷങ്ങളെയും ശരിക്കെടുത്തുപറഞ്ഞാൽത്തന്നെ, അത് നിരൂപണത്തിൻെറ ഭൗതിക പിണ്ഡം മാത്രമേ ആയുള്ളൂ. ശ്രേഷ്ഠഗ്രന്ഥങ്ങളുടെ ശരിയായ ഗുണങ്ങളെ ഉള്ളിൽ തട്ടുമാറ് വിവരിയ്ക്കുക, ദുർഗ്രഹങ്ങളെ അച്ചടിച്ചപ്രസ്സിൽത്തന്നെ കെട്ടിക്കിടത്തി ദ്രവിപ്പി

ക്കുകമുതലായ പരമോദ്ദേശങ്ങൾ സാധിയ്ക്കുമാറ് നിരൂപണത്തിന് ശക്തിചൈതന്യങ്ങൾ ഉണ്ടാകുന്നതാവട്ടെ, മററൊരു വഴിയ്ക്കത്രെ."

ആ മററൊരു വഴി ശക്തിയുടേതാണ്. ആ വഴിയിലൂടെയാണ് മാരാർ ചരിച്ചിട്ടുള്ളതും.

ശ്രീ. വൈലോപ്പിള്ളിയുടെ "കന്നിക്കൊയ്ത്തിനും" ശ്രീ കെ. പ്രകാശത്തിൻെറ "മഹാഭാരതം" ഗദ്യപരിഭാഷയ്ക്കും മാരാർ എഴുതിയിട്ടുള്ള അവതാരികകൾ എടുത്തു പറയേണ്ടവയത്രെ. വള്ളത്തോളിൻെറ 'സാഹിത്യമഞ്ജരി'കൾക്കും നാലപ്പാട്ടിൻെറയും ബാലാമണിയമ്മയുടെയും കവിതകൾക്കും മാരാർ അവതാരികകളും വ്യാഖ്യാനങ്ങളും എഴുതിയിട്ടുണ്ട്. വള്ളത്തോളിൻെറയും നാലപ്പാട്ടിൻെറയും ഡയറിക്കുറിപ്പുകൾ മാരാർ പ്രസിദ്ധപ്പെടുത്തിയിരുന്നു.

'വന്നേരി. കെ. സാവിത്രി അന്തർജ്ജനം' എന്ന തൂലികാ നാമത്തിൽ കവിതകളും "കുമാർ" എന്ന തൂലികാ നാമത്തിൽ ഹാസ്യലേഖനങ്ങളും അദ്ദേഹം എഴുതിയിരുന്നു. ഒരു നാടകകൃത്തുമാണദ്ദേഹം.

പ്രസംഗമണ്ഡപങ്ങളിലും ചർച്ചാവേദികളിലും അദ്ദേഹം അത്ര ശോഭിച്ചിരുന്നില്ല.

1960 – ജൂലായിൽ മാരാരുടെ ഷഷ്ടിപൂർത്തി കോഴിക്കോട്ട് വച്ചാഘോഷിച്ചപ്പോൾ മലയാളത്തിലെ നിരൂപണ ശാഖയെ പുരസ്കരിച്ച് ഒരു സിമ്പോസിയം നടന്നു. "വിമർശനം മലയാളത്തിൽ" എന്ന ഗ്രന്ഥത്തിൽ അന്നവതരിപ്പിച്ച ഉപന്യാസങ്ങൾ കൊടുത്തിട്ടുണ്ട്.

1974– മാർച്ച് 9 –ാംനു- കേരളസാഹിത്യ അക്കാദമിയുടെ (തൃശൂർ) ചിത്രശാലയിൽ മാരാരുടെ ഒരു ഛായാചിത്രം അനാ

ഷാദനം ചെയ്തിരിയ്ക്കന്നു. കേരളസാഹിത്യ അക്കാദമിയിൽ മാരാർക്ക് അംഗത്വമുണ്ടായിരുന്നു.

1951 –ൽ മാരാരുടെ " ഭാരതപര്യടനം " ഉത്തമസാഹിത്യ കൃതിയ്ക്കുള്ള മദിരാശി ഗവൺമെൻറിൻെറ സമ്മാനം കരസ്ഥമാക്കി. " കല ജീവിതം തന്നെ " എന്ന അദ്ദേഹത്തിൻെറ ഉപന്യാസസമാഹാരത്തിന് 1965–ൽ കേരളസാഹിത്യ അക്കാദമിയുടെയും 1966 –ൽ കേന്ദ്രസാഹിത്യ അക്കാദമിയുടെയും അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

—00—

# 5. നിരൂപണശൈലി

"കുട്ടിക്കൃഷ്ണമാരാരുടെ സാഹിത്യനിരൂപണത്തെപ്പററി പറയാൻ തുടങ്ങുമ്പോൾ മുളകുതീററിക്കാരനായ ഒരു സന്യാസിയുടെ കഥ ഞാൻ ഓർത്തുപോകുന്നു. ആ സന്യാസിയ്ക്ക്, ദോശയോ ഇഡ്ഡലിയോ എന്തുതന്നെ തിന്നാൻ കൊടുത്താലും വിരോധമില്ല; രണ്ട് മൂന്ന് കാന്താരി മുളകുകൂടി കൊടുത്തേയ്ക്കണം ഉപദംശമായി. അത് വായിലിട്ടങ്ങനെ ചവയ്ക്കുമ്പോൾ കണ്ടുനില്ക്കുന്ന നമ്മുടെ കണ്ണിൽനിന്ന് വെള്ളം ചാടും. എന്നാൽ സന്യാസിയാകട്ടെ, ഏതാണ്ടൊരു ബ്രഹ്മാനന്ദം തന്നെ അതിൽ നിന്ന് ചോർത്തിയെടുക്കുന്നുണ്ടാവും.

നിരൂപകനായ കുട്ടിക്കൃഷ്ണമാരാർ, കുറെ എരിവു കൂട്ടിയാണ്, ഗ്രന്ഥങ്ങൾ ആസ്വദിയ്ക്കുന്നതെന്ന് തോന്നാറുണ്ട്. ആ എരിവ്, ഒരുവേള സ്വന്തം ജീവിതത്തിലെ കടുമ്ളതീക്ഷ്ണമായ അനുഭവങ്ങളുടെ സ്വാഭാവിക പരിണതിയാകാം, അഥവാ ഏതോ സവിശേഷ വാസനയാൽ സ്വരൂപിതമായതാകാം. ഏതായാലും മാരാർ ഒരു ഗ്രന്ഥം കയ്യിലെടുത്ത് സ്വാദുനോക്കാൻ തുടങ്ങിയാൽ, അതിൻെറ പ്രതികരണം, ഉദാസീനമായിരിയ്ക്കയില്ല; ഉപരിപ്ളവവുമായിരിയ്ക്കയില്ല. അദ്ദേഹത്തിൻെറ ഇഷ്ടവും അനിഷ്ടവും തീവ്രമാണ്. " ഒരു പന്നി നക്കിക്കൊല്ലുന്നതിലേറെ, ഒരു സിംഹം കടിച്ചുകൊല്ലുന്നതാണ് താനിഷ്ടപ്പെടുക " എന്ന് പറഞ്ഞത് അദ്ദേഹം തന്നെയാണല്ലൊ. ഇമ്മാതിരി പ്രതികരണത്തെയാണ് ചിലർ പക്ഷപാതമെന്ന് പേരിട്ടത് ഏത് നല്ല നിരൂപകനും—അഥവാ ഏത് നല്ല മനുഷ്യനും പക്ഷപാതം വേണമെന്ന പക്ഷക്കാരനാണ് മാരാർ. 'തരക്കേടില്ല, ദോഷമില്ല, കഴിച്ചുകൂട്ടാം' എന്നീവക വഴുവഴുപ്പൻ അഭിപ്രായങ്ങൾ പറഞ്ഞുവിടുന്നതുകൊണ്ട്, ആർക്കും ഒരു ഗുണവുമുണ്ടാകാനില്ല, എന്നദ്ദേഹം വിശ്വസിയ്ക്കുന്നു.

ശംഭുശർമ്മ എന്ന സ്വതന്ത്രചിന്തകനായ ഓദ്ധ്യാപകശ്രേഷ്ഠൻെറ ശിഷ്യത്വം, കവിയും ഗദ്യകാരനുമായ നാലപ്പാട്ടി

ൻെറ സൗഹൃദം, നിർഭയനായ മഹാകവി വള്ളത്തോളിൻെറ അന്തേവാസിത്വം — ഈ സാഹചര്യങ്ങൾ ഒരു സ്വതന്ത്ര നിരൂപകനെ നിർമ്മിച്ചതിൽ അദ്ഭുതമില്ല.'' എന്നിപ്രകാരമാണ് മാരാരുടെ നിരൂപണപദ്ധതിയെ പ്രത്യവലോകനം ചെയ്തുകൊണ്ട് പ്രൊഫസർ. എസ്. ഗുപ്തൻനായർ പ്രസ്താവിച്ചിട്ടുള്ളത്.

(''നിരൂപണം മലയാളത്തിൽ'')

സംസ്കൃത സാഹിത്യത്തിലെ പ്രശസ്തങ്ങളായ മഹൽകൃതികളെ സൂക്ഷ്മദൃഷ്ടിയോടെ സമീക്ഷിച്ച് വിലയിരുത്താൻ ശ്രമിച്ച ആദ്യത്തെ മലയാളനിരൂപകൻ എന്നു മാരാരെ വിശേഷിപ്പിയ്ക്കുന്നതിൽ അപാകതയില്ലെന്നു തോന്നുന്നു. ശ്രീഹർഷൻെറ ''നൈഷധീയ ചരിതം'' എന്ന വിഖ്യാതമായ കാവ്യത്തെ വിമർശിയ്ക്കുന്നതിനിടയിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിയ്ക്കുന്നു. ''അങ്ങനെ, അതലസ്പർശിയായ ജീവിതരഹസ്യത്തെയോ യഥാതഥമോ ആദർശപ്രവണമോ ആയ ജീവിതങ്ങളെയോ സംസ്കൃതാലങ്കാരികന്മാരുടെ നിഷ്കർഷയ്ക്കൊത്ത രസഭാവങ്ങളെയോ മുഖ്യമായി സമർപ്പിക്കുക എന്ന കാവ്യോദ്ദേശങ്ങളിൽ നിന്നെല്ലാം കീഴ്പ്പോട്ടിറങ്ങി സംസ്കൃതസാഹിത്യം കുറേ ഉല്ലേഖനങ്ങളെക്കൊണ്ട് അമ്മാനമാടുക എന്ന ബാലിശകൗതുകത്തിൽ അഭിരമിച്ചുവന്നതാണ്, നമുക്കു നൈഷധീയ ചരിതത്തിൽ കണ്ടു രസിക്കാനുള്ളത്. ശ്ലോകങ്ങളുടെ പെരുപ്പമാണ്, പൊരുൾക്കഴമ്പല്ല മഹാകവിത്വത്തിൻെറ മാനദണ്ഡമെന്നു വന്നതിനുള്ള ഒരൊന്നാം തരം ഉദാഹരണം.'' ('രാജാങ്കണം.')

രസഭാവങ്ങളുടെ ആവിഷ്കരണത്തിലും പാത്ര സൃഷ്ടിയിലുള്ള ഔചിത്യത്തിലും ശ്രീ ഹർഷൻെറ കാവ്യത്തെക്കാൾ എത്രയോ മികച്ചു നില്ക്കുന്നതാണ് ''നളചരിതം ആട്ടക്കഥ''യെന്ന് അദ്ദേഹം സമർത്ഥിച്ചിരിയ്ക്കുന്നു.

ഭക്തി വർദ്ധിപ്പിയ്ക്കാനോ പാണ്ഡിത്യം നേടാനോ അല്ല, നേരെ മറിച്ച് ചിലതിനോടൊക്കെ വിയോജിപ്പാനും വേണ്ടിവന്നാൽ കയർക്കാനുമാണ് അദ്ദേഹം മഹാഭാരതവും രാമാ

യണവും വായിച്ചു പഠിയ്ക്കുവാൻ തുടങ്ങിയത്. അവയിലെ ഉത്തമകഥാപാത്രങ്ങളിൽ ഏതാനും ദോഷങ്ങളും അധമകഥാപാത്രങ്ങളിൽ ചില ഗുണങ്ങളും ഒളിഞ്ഞു കിടക്കുന്നുണ്ടെന്നു മാരാർ കണ്ടെത്തി. ഇത് മാരാരുടെ ഇതിഹാസ നിരൂപണങ്ങൾക്കു പുതുമയുണ്ടാക്കി. പലരും അതിനെ ഒരാചാരലംഘനമായിക്കണക്കാക്കി. "നമ്മുടെ സംസ്കാരലോപം" എന്ന ഉപന്യാസം ആരംഭിക്കുന്നതിങ്ങനെയാണ്— "പരിപാവനത കൊണ്ടും പ്രകൃതിസൗഭഗം കൊണ്ടും സമൃദ്ധികരത്വം കൊണ്ടും ഭാരതവർഷത്തിലെ വേറെ രണ്ടു കുലാചലങ്ങളത്രേ, ശ്രീ മഹാഭാരതവും ശ്രീമദ്വാല്മീകി രാമായണവും. അവയുടെ വാനോടുരുമ്മുന്ന കൊടുമുടികൾ, പുണ്യങ്ങളായ പുരാതനാശ്രമസ്ഥാനങ്ങൾ, നിർമ്മലജലങ്ങളായ നിർഝരണികൾ എന്നിവയിലേയ്ക്ക് ഇന്നും പല പല സുകൃതികൾ തീർത്ഥയാത്ര ചെയ്തു പോരുന്നുണ്ട്; ലോകാവസാനം വരെ അതു തുടർന്നു പോരികയും ചെയ്യും.

ഇവയുടെ അടിവാരങ്ങളിൽ, അവയെ പുഴക്കി വീഴ്ത്തിക്കളയാമെന്നുറച്ചു, നമ്മുടെ ചില പ്രമത്തരായ ഉൽപതിഷ്ണുക്കൾ മുക്കുരയിട്ടു കൊണ്ടു വപ്രക്രീഡ നടത്തിപ്പോരുന്നുണ്ട്. കൊള്ളാം. അവരുടെ തരിപ്പ് മാറ്റിക്കൊടുത്തു കൊണ്ട് എന്നും അവ അങ്ങനെ അനങ്ങാതെ നിന്നു കൊള്ളും.

ഇതു കൗതുകാവഹമായ ഒരു കാഴ്ച മാത്രം. നാം അഗാധമായി വ്യസനിയ്ക്കേണ്ട ഒരു കാഴ്ചയുള്ളത്, അവയിൽ തീർത്ഥയാത്ര നടത്തിയവർ തന്നെ ഇട്ടേച്ചു പോയ പല പല മാലിന്യങ്ങളാണ്.

നമ്മുടെ ആശാസ്യമായ പുരാണേതിഹാസ ഭക്തിമൂലം, പിന്നീടുവന്ന എല്ലാ ഗ്രന്ഥകാരന്മാരും സ്വമനോധർമ്മപ്രകാശനത്തിന് അവയെത്തന്നെ ആശ്രയിച്ചു പോന്നു; പ്രഖ്യാതമായ ഇതിവൃത്തമെടുത്തു കാവ്യരചന ചെയ്യുക എന്നതു സാഹിത്യലോകത്തിലെ വർണ്ണാശ്രമധർമ്മം പോലായിച്ചമഞ്ഞു. അത്രയും നന്ന്. എന്നാൽ, ലോകത്തിന്റെ അകവും പുറവും കണ്ട ആ

ഋഷികവികൾ അവയിൽ സംഭരിച്ചു വച്ച ആ സംസ്കാരസമ്പത്തിനെ വേണ്ടവിധം ഉൾക്കൊള്ളുവാൻ ആ സാഹിത്യകാരന്മാരിൽ പലർക്കും കഴിവുണ്ടായിരുന്നില്ല. അതിനാൽ, അവരുടെ നിർമ്മാണങ്ങളിൽ ആ ആർഷ സംസ്കാരം മിക്കതും ചോർന്നുപോയി, പകരം ചില കഥയില്ലായ്മകൾ സ്ഥാനം പിടിച്ചു കളഞ്ഞു. ആ സാഹിത്യകാരന്മാരേക്കാളും താഴെയുള്ള സാമാന്യജനങ്ങളാകട്ടെ, അവയാണ് ആർഷസംസ്കാരം എന്നു വിശ്വസിയ്ക്കയും ചെയ്തു പോന്നു. ഇങ്ങനെ പരമ്പരയാ വേരുറച്ചു വന്ന ആ തെററിദ്ധാരണകൾ ഭാരതീയ ജീവിതത്തിൽ എത്രത്തോളം ആണ്ടിറങ്ങിയിരിയ്ക്കുന്നു എന്നോർക്കുമ്പോൾ, ചില സമയത്തു നിരാശത പോലും തോന്നിപ്പോകുന്നു! ''

മൂലകവികൾ സൃഷ്ടിച്ച കഥാപാത്രങ്ങളുടെരൂപം എത്രമാത്രം വ്യത്യസ്തമായ വിധത്തിലാണ് മററു പലരും വരച്ചു കാട്ടിയിരിയ്ക്കുന്നതെന്നു " കല്യാണസൗഗന്ധിക"ത്തെ ഉദാഹരണമാക്കി അദ്ദേഹം വ്യക്തമാക്കുന്നു. ഭീമസേനൻ, ഹനുമാൻ എന്നീ കഥാപാത്രങ്ങൾക്കു വ്യാസൻെറ പ്രതിഭാവിലാസം നൽകിയ ഉദാത്തമായ രൂപഭാവങ്ങളെ വികൃതമാക്കിയാണ് തുഞ്ചത്തെഴുത്തച്ഛനും, ഭാരതചമ്പൂകാരനും, " കല്ല്യാണസൗഗന്ധികം " ചമ്പൂപ്രബന്ധകർത്താവും, ആട്ടക്കഥാകൃത്തുക്കളും കുഞ്ചൻനമ്പ്യാരും ചിത്രീകരിച്ചിട്ടുള്ളതെന്ന് അദ്ദേഹം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. " സംസ്കാര ദൂഷകരായ ആ കവിപ്പരിഷയുടെ മുമ്പിൽ, ' ഭാരതവും രാമായണവും ' ചുട്ടുകളയണമെന്ന് ആർത്തുനടക്കുന്ന ' ആ വിപ്ലവകാരികൾ ' നിസ്സാരന്മാരും നിരുപദ്രവികളുമാണെന്നു മാരാർ ആവേശപൂർവ്വം പ്രസ്താവിക്കുന്നു.

വെറും ഒരു മനുഷ്യനായ, മനുഷ്യസഹജമായ എല്ലാ ദൗർബല്യങ്ങളോടും കൂടിയ കഥാപാത്രമാണ് വാല്മീകിയുടെ രാമൻ. ആ മഹൽ കാവ്യത്തെ ഉപജീവിച്ചെഴുതിയ ഇതരകൃതികളുടെ കർത്താക്കൾ അന്ധമായ ഭക്തിയ്ക്കു കീഴ്പെട്ട് രാമൻെറ രൂപം വളരെയധികം മാററിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ മാരാർക്കുള്ള പ്രതിഷേധം " വാല്മീകിയുടെ

രാമൻ " എന്ന പ്രബന്ധത്തിലൂടെ പ്രകടമാവും "ഉടലിലെ മ്പാടും ഗോപീമൺചന്ദനങ്ങളെക്കൊണ്ട് ശ്രീരാമപാദമുദ്ര കുത്തി, ശിരസ്സിനു മേലെ ഉയർത്തിപ്പിടിച്ചകൂപ്പുകൈയും ഭക്തിഭാവലഹരിയാൽ അടഞ്ഞു കൂമ്പിയ കണ്ണുമായി രാമഭദ്ര, ജയ ! " എന്ന് അത്യുച്ചത്തിൽ സ്തുതിഗീതം ഉതിർത്തു കൊണ്ട് ചുഴന്നുനിന്ന് ആനന്ദനൃത്തം തുള്ളുന്ന തുളസീദാസാദിഭക്തകവികളേയും അവരുടെ ശിഷ്യന്മാരായ രാമായണ വ്യാഖ്യാതാക്കന്മാരേയും ഒട്ടകലെ മാററി നിർത്തിയിട്ടു വേണം, ആദികവിയായ വാല്മീകി ഋഷിയുടെ ലോകോത്തര കാവ്യത്തിലെ നായകനായ രാമചന്ദ്രൻ തിരുവടിയെ നോക്കിക്കാണുക. അവരുടെയെല്ലാം ഇടയിൽ നില്ക്കുമ്പോഠം അദ്ദേഹം, ഏതോദിവ്യലോകത്തിൽ നിന്നിറങ്ങിവന്നു മനുഷ്യരുടെ ഇടയിൽ വച്ച് മായാവിദ്യകഠം കാട്ടി നമ്മുടെ ഭക്തി പൂജകളാകുന്ന പ്രതിഫലവും വാങ്ങിക്കൊണ്ട് സഞ്ചരിയ്ക്കുന്ന ഒരു ദിവ്യപുരുഷൻ മാത്രമാണ് — കുട്ടികഠംക്കും വൃദ്ധകഠംക്കും അന്തിയ്ക്കിരുന്ന് ഉരുക്കഴിയ്ക്കാവുന്ന ഒരു നാമവും, അമ്പലങ്ങളിൽ പ്രതിഷ്ഠിയ്ക്കാവുന്ന ഒരു രൂപവും പൂണ്ടു മനുഷ്യസ്പർശമില്ലാതെ പെരുമാറുന്ന ദിവ്യപ്രഭാമാത്രമായ ഒരു നിഴൽ. തീർച്ചയായിട്ടും ഇത്തരത്തിലുള്ള ഒരാളല്ല ആദികാവ്യത്തിലെ വർണ്ണ്യപുരുഷൻ. "

കാളിദാസനും കുമാരനാശാനും വാല്മീകിയുടെ കഥാപാത്രങ്ങളെ തികച്ചും മനസ്സിലാക്കിയവരാണെന്നു മാരാർ അഭിപ്രായപ്പെടുന്നു.

മാരാരുടെ ' മാസ്ററർ പീസാ'ണെന്നു പറയപ്പെടുന്ന " ഭാരതപര്യടന"ത്തിലാണ് ആ നിരൂപകൻെറ ക്രാന്തദർശിത്വം തികച്ചും പ്രകടമായിക്കാണുന്നത്. മഹാഭാരതത്തിലെ കഥാപാത്രങ്ങളെപ്പററി അദ്ദേഹം പറയുന്നതു ശ്രദ്ധിയ്ക്കുക: " മഹാഭാരതത്തെ സംബന്ധിച്ചേടത്തോളം, ഈ നായകപ്രതിനായകാദികളൊക്കെ അതിലെ അപ്രധാന പാത്രങ്ങളാണ്; വലിയൊരു തറവാട്ടിലെ വിശാലമായ തളത്തിലിരുന്നു കളിയ്ക്കുകയും കശപിശ കൂടുകയും ചെയ്യുന്ന വെറും കുട്ടികഠം. കർണ്ണൻ മാത്ര

മാണ് കൂട്ടത്തിൽ എല്ലാം കൊണ്ടും മുതിർന്ന കുട്ടി. തറവാട്ടിലെ പ്രധാനവ്യക്തികളാകട്ടെ, അന്യത്ര തങ്ങളുടെ സ്ഥാനങ്ങളിൽ അന്തസ്സിലിരിയ്ക്കുന്നുണ്ട്.

അകത്ത് അന്ത: പുരാധിനായികമാരായി ഗാന്ധാരിയും കുന്തിയും ഉണ്ട്. മഹാതപസ്വിനിമാരും മക്കളെച്ചൊല്ലി ദുഃഖിയ്ക്കുന്നവരുമായ ആ രണ്ടമ്മമാർക്കും സാഷ്ടാംഗ പ്രണാമം! ഗദ്ഗദവശാൽ മററൊന്നും പറവാൻ ഞാനാളല്ല. അഥവാ, സ്ത്രീയിലെ മാഹാത്മ്യത്തെ ആർക്ക് അളന്നറിയാം?

അത്യുന്നതമായ സൌധോത്സംഗത്തിൽ, അഭ്യർച്ചിതങ്ങളായ സ്ഥാനങ്ങളിൽ രണ്ടു ദിവ്യാത്മാക്കളിരിയ്ക്കുന്നു — ഭഗവാൻ വാസുദേവനും, കുരുപിതാമഹൻ ഭീഷ്മരും. എവിടെ നിന്നു നോക്കിയാലും അവരെക്കാണാം; എല്ലാററിലും അവരുടെ കണ്ണെത്തുന്നുമുണ്ട്; എന്നാൽ ഒന്നിനാലും അവർ സ്പർശിക്കപ്പെടുന്നില്ല. ഒരാൾ ഈശ്വരത്വത്തിൽ നിന്നിങ്ങോട്ട് ഇറങ്ങി വരികയും, മറേറയാൾ ഇവിടെ നിന്ന് ഈശ്വരത്വത്തിലേയ്ക്കുയരുകയും ചെയ്യുമ്പോൾ വഴിയ്ക്കുവെച്ചു കണ്ടെത്തി കുശലം പറഞ്ഞിരിയ്ക്കുന്ന മട്ടുണ്ട്; അവരുടെ കർമ്മങ്ങൾ ധർമ്മചിന്തകന്മാരെ സംഭ്രമിപ്പിയ്ക്കുന്നവയത്രെ: ഭീഷ്മപിതാമഹൻ അധർമ്മിഷ്ഠരായ ധാർത്തരാഷ്ട്രന്മാരുടെ ഒന്നാമത്തെ സേനാപതിയായിരുന്നു, ധർമ്മിഷ്ഠരായ പാണ്ഡവരോടു പത്തു ദിവസം അത്യുഗ്രമായ യുദ്ധം ചെയ്തു; മറിച്ചു വാസുദേവഭഗവാൻ ധർമ്മിഷ്ഠരായ പാണ്ഡവരുടെ ഭാഗത്ത് ഒരു തേർതെളിക്കാരനായി നിന്ന് അവരെക്കൊണ്ട് വിജയത്തിനായി അധർമ്മങ്ങൾ ചെയ്യിച്ചുകൊണ്ടിരുന്നു. എന്നിട്ട് ഇവർ രണ്ടുപേരും ധർമ്മജ്ഞതയിൽ ഒരു പോലെ ഭുവനാരാധ്യരായിരിയ്ക്കുന്നു താനും!

അപ്പുറത്തതാ, ഒരുമുക്കിൽ ധൃതരാഷ്ട്രർ ഇരിയ്ക്കുന്നു. കണ്ണുകൊണ്ടെന്നതിലധികം പുത്രവാത്സല്യംകൊണ്ട് അന്ധൻ; എല്ലാമറിവുണ്ടായിട്ടും മകനോടു മറുത്തൊരു വാക്കു പറവാൻ കരുത്തില്ലാത്ത ഒരു അച്ഛൻ. അദ്ദേഹത്തെയാണ് ഈ എല്ലാ ആപത്തിനും ശകാരിയ്ക്കേണ്ടത്.; പക്ഷേ അദ്ദേഹത്തെപ്പോ

ലെ അതിൽ ഹൃദയവ്യഥയനുഭവിച്ച മറെറാരാറം മഹാഭാരതത്തി ലില്ല. പാവം, ഒടുക്കം താൻ പാർക്കുന്ന കാടിനു തീയ്യിട്ട് അതിൽ ആത്മഹത്യചെയ്തു.

അദ്ദേഹത്തിന്റെ കൈയ്ക്കൽത്തന്നെയുണ്ട് മറെറാരു ധർമ്മജ്ഞൻ — വിദുരർ; കേവലമായ ധർമ്മജ്ഞത സ്വാകർമ്മ വ്യഗ്രമായ ലോകത്തിൽ എത്ര മാത്രം അവഗണിയ്ക്കപ്പെടുന്നു എന്ന ദയനീയപരമാർത്ഥത്തിന്റെ പുരുഷാകാരം. ജീവ കാലം മുഴുവൻ ധൃതരാഷ്ട്രരെ അനർഘങ്ങളായ ധർമ്മ സൂക്ത ങ്ങറം കേറംപ്പിച്ചു കൊണ്ടിരുന്ന അദ്ദേഹം, ഒടുവിൽ വാന പ്രസ്ഥനായി ഏകാന്തഘോരങ്ങളായ വനാന്തരങ്ങളിൽ, വായി ലൊരു വെള്ളാരങ്കല്ലു മിട്ടു കൊണ്ട് അലഞ്ഞു നടക്കുകയായിരു ന്നുവത്രെ!

പിന്നെയിതാ, അസ്ത്ര വിദ്യാനിധിയായ ദ്രോണാചാര്യ രും, അദ്ദേഹത്തിന്റെ ഏകപുത്രൻ അറുകൊലക്കാരനായ അ ശ്വത്ഥാമാവും; അവർ രണ്ടു പേരും കൂടി, കൗരവപാണ്ഡവ യുദ്ധത്തിൽ സ്വാന്തംവകയായ ഒരു കുടിപ്പകകൂടി കൂട്ടിച്ചേർത്ത് അതിനെ കൂടുതൽ ബീഭത്സവുമാക്കിത്തീർത്തു.

ഇനിയുമുണ്ട്, പാണ്ഡവപക്ഷപാതിയെന്നു വെച്ചിട്ടു ള്ള ശ്രീകൃഷ്ണന്റെ ജ്യേഷ്ഠനും, സ്വയം നിഷ്പക്ഷപാതി യെന്നു പ്രഖ്യാപിതനുമായ ബലഭദ്രൻ തുടങ്ങി എണ്ണിയാലൊ ടുങ്ങാത്ത ആ മനുഷ്യ രൂപങ്ങറം— ഒരിയ്ക്കൽ കണ്ടാൽ മറക്കാൻ വയ്യാത്ത വ്യക്തി വിശേഷങ്ങറം.

എല്ലാവർക്കും പുറമെ, എല്ലാവരുടെയും പ്രേരകനായി ഋഷികവിയായ കൃഷ്ണദ്വൈപായനനുമുണ്ട്, മററു പലമഹർ ഷിമാരോടു കൂടിയും അല്ലാതെയും, ആദ്യം മുതൽ അവസാനം വരെ സർവ്വവ്യാപിയായി സഞ്ചരിയ്ക്കുന്നു — അവിടത്തെ പു ണ്യപാദങ്ങളിൽ ആയിരം നമസ്കാരം! ('ദന്തഗോപുരം.')

മാരാരുടെ രചനാശില്പ സൗകുമാര്യത്തിനും കാവ്യമർമ്മ ജ്ഞതയ്ക്കും തെളിവാണ് "ഭാരത പര്യടന"ത്തിലെ ഓരോ

ഉപന്യാസവും. "രണ്ടഭിവാദനങ്ങളി"ൽ അദ്ദേഹം കുരുക്ഷേത്ര യുദ്ധരംഗത്തെ വർണ്ണിയ്ക്കുന്നതു നോക്കുക: "സൂര്യനുദിച്ചു. ഇന്നാണ് ചിരപ്രതീക്ഷിതമായ ഭാരതയുദ്ധം തുടങ്ങുന്നത്. കുരുക്ഷേത്രത്തിൻെറ കിഴക്കുവശത്ത് ഭീഷ്മപിതാമഹൻെറ സൈന്യാധിപത്യത്തിൽ കൗരവരുടെ പതിനൊന്നക്ഷൌഹിണിപ്പടയും, പടിഞ്ഞാറുവശത്ത് ധൃഷ്ടദ്യുമ്നൻെറ സൈന്യാധിപത്യത്തിൽ പാണ്ഡവരുടെ ഏഴക്ഷൗഹിണിപ്പടയും, തിരയടിച്ചുതുള്ളുന്ന കടലുകൾ പോലെ, ശസ്ത്ര പ്രയോഗങ്ങൾക്കു വെമ്പിക്കൊണ്ടു നേർക്കു നേരെ നിരന്നു നില്ക്കുന്നു. പെരുമ്പറക്കൊട്ടും, ശംഖുവിളിയും, ആനകളുടെ ചിന്നംവിളിയും, കുതിരകളുടെ ചിനയ്ക്കലും, അററത്തു കുട മണികെട്ടിത്തൂക്കിയ ഉയർന്ന തേർക്കൊടിമരങ്ങളിൽ നിന്നു കാററടിയ്ക്കുമ്പോൾ കരിമ്പനക്കാട്ടിൽ നിന്നെന്നപോലെ പുറപ്പെടുന്ന ഝണഝണൽക്കാരവും കൊണ്ട് ആകാശമണ്ഡലം മുഖരിതമായി."

തുടർന്നു യുധിഷ്ഠിരൻ ഭീഷ്മാദികളെ അഭിവാദനം ചെയ്ത രംഗത്തെ നാടകീയമായി അവതരിപ്പിയ്ക്കുകയാണ്. തദനന്തരം മരണാസന്നനായി ശരശയ്യയിൽ കിടക്കുന്ന ഭീഷ്മപിതാമഹനെ കർണ്ണൻ അഭിവാദനം ചെയ്യുന്ന രംഗം വർണ്ണിച്ച് ആ രണ്ടഭിവാദനങ്ങളുടെയും ഒരു താരതമ്യപഠനം നടത്തുകയാണ് ഗ്രന്ഥകാരൻ: "ഭീഷ്മാദികളുടെ അടുക്കലുണ്ടായ യുധിഷ്ഠിരൻെറ ഉദാത്തമായ ആ വിനയാനുഷ്ഠാനം, അദ്ദേഹത്തിൻെറ പിഴപററാത്ത ധർമ്മബോധത്തെ ഉദാഹരിയ്ക്കുന്നു. ഏതവസ്ഥയിലും സ്വന്തം നിലപാടിൽ നിന്നിളകാതെ തന്നെ, ഗുരുജനങ്ങളെ അഭിവന്ദിയ്ക്കാം, അതു ചെയ്യുന്നത് അപരിഹാര്യമായ ധർമ്മവുമാണ്. അതു ചെയ്തില്ലെങ്കിലോ, ആ പൂജ്യപൂജാവ്യതിക്രമം ശ്രേയസ്സിനെ പ്രതിബന്ധിയ്ക്കും: ഇതാണ്, ഭീഷ്മാദികൾ, "നീവന്നില്ലെങ്കിൽ, ഞാൻ ശപിച്ചേനെ" എന്നു പറഞ്ഞതിന്നർത്ഥം. അവർ മനഃപൂർവ്വം ശ്രേയസ്സു കൊണ്ടാൽ ഇച്ഛരിയ്ക്കുമെന്നല്ല, അനിവാര്യമായി ശ്രേയോപഹാനിവരുമായിരുന്നു എന്നാണ്. (ഭീഷ്മർ കർണ്ണനോടു പറഞ്ഞതും അങ്ങനെയാണ്. "യദിമാം നാഭിഗച്ഛേഥാ, നതേ ശ്രേയോഭവേദ് ധ്രുവം")

ഈ ധർമ്മം സ്പഷ്ടമാണെങ്കിലും, ആ ഗുരുജനങ്ങളോടുതന്നെ എതിരിടേണ്ടിവരുന്ന ഇത്തരം സന്ദർഭങ്ങളിൽ, മിക്കവർക്കും അതനുഷ്ഠിപ്പാൻ തോന്നാറില്ല. താൻ അപരാധിയല്ലെന്നു ദൃഢബോധമുള്ളവർക്കേ അതു തോന്നൂ. അങ്ങനെയൊരാരം അതനുഷ്ഠിയ്ക്കുമ്പോരം, അതിനെ അഭിനന്ദിപ്പാനും സാധാരണക്കാർക്കു സാധിയ്ക്കില്ല. നേരെ മറിച്ച്, ഇത്തരം ധർമ്മാനുഷ്ഠാനം സ്വജനങ്ങളാൽ 'അവിവേക'മെന്ന് അപഹസിയ്ക്കപ്പെടുകയും ചെയ്ക എന്നത് അതിൻെറ വിധിയാണ്. സ്വസഹോദരൻമാരുടെ തട്ടിക്കേററത്തേയും, കൗരുപക്ഷക്കാരുടെ കൂക്കിവിളിയേയും, രണ്ടിനേയും, ഗണിയ്ക്കാതെ മിണ്ടാതെ മുന്നോട്ടു നടന്നു പോകുന്ന യുധിഷ്ഠിരൻെറ ആ യാത്ര കൊണ്ടു കവി ധർമ്മത്തിൻെറ പതറാത്തഗതിയെ സുവ്യക്തമായി ചിത്രീകരിച്ചിരിയ്ക്കുന്നു. അതു പോലെ തന്നെ, ധർമ്മാനുഷ്ഠാനത്തിൻെറ സുപരിണാമം വെളിപ്പെടുമ്പോരം, അതു പ്രാകൃതരും പരിഷ്കൃതരുമായ എല്ലാത്തരം ആളുകളുടെയും ഹൃദയമലിയിച്ചു കൊള്ളുമെന്നും കവി ഇവിടെ ഉദാഹരിച്ചിരിയ്ക്കുന്നു.

ധർമ്മോത്സുകൻമാർക്കു ബഹുമാന്യമായ ഒന്നാണ് യുധിഷ്ഠിരൻെറ ഈ ഗുരൂപസർപ്പണം. എന്നാൽ അതിനെക്കാരം തുലോം ബഹുമാന്യമത്രേ കർണ്ണൻെറ ആ ഭീഷ്മോപസർപ്പണം. യുധിഷ്ഠിരന്നറിയാം, ഭീഷ്മാദികരം കൗരവപക്ഷത്തിലാണം യുദ്ധം ചെയ്യുന്നതെങ്കിലും, അവരുടെ കൂറ് മുഴുവൻ തന്നോടാണെന്ന്; കൂറുള്ള ഗുരുജനങ്ങളുടെ അടുക്കൽ വിനയമനുഷ്ഠിയ്ക്കുന്നത്, എപ്പോരം എവിടെ വച്ചായാലും, ധർമ്മബോധമുള്ളാർക്കും എളുപ്പമാണ്, അഭിമാനാവഹവുമാണ്. നേരെമറിച്ച്, കർണ്ണൻെറ നേർക്കു ഭീഷ്മർ അന്നോളം ഒരു കൂറും കാണിച്ചിട്ടില്ല; തരം കിട്ടുമ്പോഴൊക്കെ — അതു ധാരാളം കിട്ടിയിരുന്നുതാനും — കൂറില്ലായ്മ നന്നായി കാണിച്ചിട്ടുമുണ്ട്. അങ്ങനെയുള്ള ഒരാളുടെ അടുക്കൽ താൻ വിനയമനുഷ്ഠിയ്ക്കേണ്ടതുണ്ടെന്ന് ഒരാരംക്കുതോന്നുവാനേ വിഷമമുണ്ട്, തോന്നിയാൽ അതനുഷ്ഠിപ്പാനും. അതിനു ധർമ്മബോധത്തിലും കവിഞ്ഞ് ഒരു സഹിഷ്ണുത കൂടിവേണം, സ്വന്തം അഭിമാനബോധത്തെ തെല്ലിടയ്ക്കെങ്കിലും അടച്ചിടുകയുംവേണം: തന്നെക്കണ്ടാൽ ആ ഗുരു

ജനം, പണ്ടെപ്പോഴുമെന്ന പോലെ, തേജോവധം ചെയ്താലോ! അതനുസരിച്ചു താനങ്ങോട്ടും പെരുമാറിപ്പോയാലോ! ഗുരുത്വത്തിനു പുറപ്പെട്ടിട്ട് അങ്ങനെയൊരു ദുഷ്പരിണതിയ്ക്കിടയാക്കുന്നതിലും ഭേദം, ആ ഗുരുത്വം വേണ്ടന്നു വയ്ക്കുകയാണ്. ഇത്തരം വിപരീതാനുഭവം കർണ്ണന് അപരിചിതവുമല്ല; അയാൾ സർവാസ്ത്രസിദ്ധിയ്ക്കു വേണ്ടി പരശുരാമൻെറശിഷ്യനായിരുന്നിട്ടും. ശുശ്രൂഷാതിശയം മൂലം, ആ പഠിച്ച വിദ്യയെല്ലാം വേണ്ട സമയത്ത് ഉപയോഗപ്പെടാതെ പോകട്ടെ എന്ന ശാപമാണല്ലൊ നേടിയത്. എന്തായിട്ടും, കർണ്ണൻ ഭീഷ്മരെ കണ്ടേണ്ട എന്നുവച്ചില്ല. അദ്ദേഹം അപ്പോഴും തന്നെ തേജോവധം ചെയ്‌വാനാണ് ഭാവമെങ്കിൽ, അതു പലരും കേൾക്കെ കൂടുതൽ ദുസ്സഹമാകുമാറുവേണ്ട, താനൊററയ്ക്കു കേട്ടു സഹിച്ചാൽ മതി എന്നുവച്ചാവാം, ആളൊഴിഞ്ഞ സമയം നോക്കിച്ചെന്നത്. ഇതാലോചിച്ച് തീർച്ചപ്പെടുത്തുവാൻ കുറേ നേരം വേണ്ടിവന്നതുകൊണ്ടാവാം, ആ സന്ദർശനം പിറേറ ദിവസത്തേക്കു നീണ്ടത്.

വീണ്ടും ചുഴിഞ്ഞു നോക്കുമ്പോൾ, യുധിഷ്ഠിരൻെറ ആ അനുഷ്ഠാനത്തിന് ഒരു പ്രദർശനത്തിൻെറ പുറംപകിട്ടുണ്ട്— അദ്ദേഹം അതുദ്ദേശിച്ചിരുന്നില്ലെങ്കിൽക്കൂടി; എന്നല്ല ഭീഷ്മാദികളിൽ നിന്ന് ജയാശീർവ്വാദം വാങ്ങുകയും ആ പഴുതിലൂടെ അവരെ ജയിപ്പാനുള്ള വഴി അവരിൽ നിന്നുതന്നെ കേൾക്കുകയും ചെയ്ക എന്ന സ്വാർത്ഥോപായസ്പർശത്താൽ അത് ഉത്തമകോടിയിൽപ്പെടുന്നുമില്ല.

കർണ്ണൻെറതിൽ ആ പ്രദർശനച്ഛായ തെല്ലുമില്ല, ഉത്തമത്വത്തെ കെടുത്തുന്ന യാതൊന്നുമില്ല.

കർണ്ണൻെറ ഈ മനസ്വിതയ്ക്കൊത്തവണ്ണം, ഭീഷ്മരും കർണ്ണനോട് ഉള്ളഴിഞ്ഞു പെരുമാറി. യുധിഷ്ഠിരനു ജയോപായം പറഞ്ഞു കൊടുക്കുന്നതിൽ അദ്ദേഹം ഔദാസീന്യം കാണിച്ചു; കർണ്ണനോടാകട്ടേ, "അച്ഛൻ മകനെ എന്ന പോലെ" എന്നു കവി ഉപമിച്ചിരുന്നില്ലെങ്കിൽപ്പോലും സുവ്യക്തമായ പിതൃവാത്സല്യത്തോടുകൂടി, താൻ അതേവരെ തേജോവധം

ചെയ്തു പോന്നതിനെല്ലാം പരിഹാരമായും പ്രശംസിച്ചു സംസാരിച്ചു. അതുകേട്ടു കർണ്ണൻ തീർച്ചയായും ആശ്വസിച്ചിരിയ്ക്കണം, തനിയ്ക്കു ജീവകാലത്തു ചുരുക്കമായി മാത്രം കൈവന്ന വാത്സല്യ ബഹുമതികളിൽ ഏററവും വിലപ്പെട്ടതു മഹാരഥനായ ദേവവ്രതൻെറ ആ ഒററക്കൈ കൊണ്ടുള്ള ആശ്ലേഷവും ആ പ്രശംസോപദേശങ്ങളുമാണെന്ന്.

എങ്കിലും കുരുവൃദ്ധൻ ഒടുക്കം ചെയ്ത സന്ധ്യുപദേശത്തെ അയാൾക്ക് അനുസരിപ്പാൻ സാധിച്ചില്ല; ഏതു കാരണം കൊണ്ടു ഭീഷ്മർ താൻ തന്നെ കൗരവപക്ഷത്തിനു വേണ്ടി വീഴുംവോളം യുദ്ധം ചെയ്തുവോ, അതേ അർത്ഥബന്ധം കൊണ്ടു തനിക്കും അതു ചെയ്യാതിരിപ്പാൻ നിവൃത്തിയില്ലെന്നു വിനീതമായി വ്യക്തമാക്കി. ഭീഷ്മർ അതിനെ അറിഞ്ഞഭിനന്ദിയ്ക്കുകയും, കർണ്ണനു വീരമംഗളം ആശംസിയ്ക്കുകയും ചെയ്തു. അങ്ങനെ ആരോടു മത്സരിച്ച് അദ്ദേഹം വീഴുവോളം താൻ യുദ്ധം ചെയ്യില്ലെന്നുവച്ചുവോ, ആ ഭീഷ്മരോടു വിനയാവനതനായി അനുഗ്രഹം വാങ്ങിയിട്ടാണ് കർണ്ണൻ പിന്നെ യുദ്ധത്തിന്നൊരുങ്ങിയത്. കർണ്ണൻെറ സുകൃതങ്ങളിലൊന്നാണിത്.

സാഹിത്യനിരൂപണഭാഷയിൽ ചുരുക്കിപ്പറഞ്ഞാൽ, നേർക്കുനേരെ ചേർത്തുനില്ക്കുന്ന ആ രണ്ടു സൈന്യനിരയുടെ നടുക്കുവച്ചു നടന്ന ഒന്നാംരംഗത്തിനു രൂപോജ്ജ്വലത കൂടുമെങ്കിലും, അതിലേക്കാൾ ഭാവോൽകൃഷ്ടത ഈ രണ്ടാം രംഗത്തിലാണ്. ''

ഏതു കാലഘട്ടത്തിനും ഏതു സമുദായത്തിനും യോജിച്ച സാരോപദേശങ്ങൾ വിദഗ്ദ്ധമായി, സുകുമാരമായി സംവിധാനം ചെയ്തു രചിച്ചവയാണ് മഹാഭാരതത്തിലെ ആഖ്യാനോപാഖ്യാനങ്ങളെന്നു മാരാർ ഈ ഇതിഹാസനിരൂപണത്തിലൂടെ സുതരാം ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു.

കാളിദാസ മഹാകവിയുടെ 'മേഘസന്ദേശം', 'രഘുവംശം', 'കുമാരസംഭവം', 'അഭിജ്ഞാനശാകുന്തളം' എന്നീ കൃതികൾ മാരാർ ഗദ്യരൂപത്തിൽ ഭാഷാന്തരം ചെയ്തിട്ടുണ്ട്. വിദഗ്ദ്ധ

ന്നായ ഒരു കാവ്യ സൗന്ദര്യ പ്രകാശകനെ ഈ കൃതികളിൽ സഹൃദയർക്ക് കണ്ടെത്തുവാൻ സാധിയ്ക്കും. കാളിദാസൻെറ പല കൃതികൾക്കും മലയാളത്തിൽ തർജ്ജമകൾ പദ്യരൂപത്തിലുണ്ടായിട്ടുണ്ട്. വൃത്തത്തിൻെറ ചട്ടക്കൂട്ടിൽനിന്നുകൊണ്ട് മൂലഗ്രന്ഥകാരനോടു നീതികാണിയ്ക്കുന്ന കാര്യത്തിൽ വിവർത്തകൻമാർ പലപ്പോഴും പരാജയപ്പെട്ടുകാണുന്നു. കൂടാതെ അവരിൽ പലർക്കും കാളിദാസഹൃദയം തികച്ചും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യവും സംശയമാണ്. ഈ വൈകല്യങ്ങളെ ഒഴിവാക്കിക്കൊണ്ട് കാളിദാസകൃതികളെ മലയാളത്തിൽ അവതരിപ്പിയ്ക്കുക എന്നതായിരുന്നു മാരാരുടെ ഉദ്ദേശ്യം. അക്കാര്യത്തിൽ അദ്ദേഹം പരിപൂർണ്ണമായി വിജയിച്ചിട്ടുണ്ട്. കാളിദാസകൃതികൾക്ക് മാരാരുടെ തൂലിക കാഴ്ചവച്ച വിസ്തൃതപഠനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. തൻെറ രചനകളിൽ മാരാർ ഏറ്റവും ഇഷ്ടപ്പെടുന്ന "മേഘസന്ദേശം" എന്ന ഉപന്യാസത്തിലെ പ്രസക്തഭാഗം ഉദ്ധരിയ്ക്കാം. "ആകപ്പാടെ മേഘസന്ദേശത്തിൽ ഒരു സദാചാരോപദേശമുണ്ടെങ്കിൽ, അത്, മനുഷ്യസ്വഭാവത്തെയും പ്രപഞ്ചഗതിയെയും തിരിഞ്ഞു നോക്കാതെ കണ്ണും ചിമ്മി സാമുദായിക വ്യവസ്ഥകളേർപ്പെടുത്തുന്നതിനെക്കുറിച്ചു സ്മൃതികാരൻമാർക്ക് നല്കുന്ന ഒരു താക്കീതു മാത്രമാണ്; അവയിൻമേൽ തൂങ്ങിനില്ക്കരുതെന്നു സാഹിത്യനിരൂപകൻമാർക്കും.

കവികൾ മനുഷ്യൻെറ ദുർവൃത്തികളെ എതിർത്തെഴുതണമെന്നു സാഹിത്യനിരൂപകൻമാർ പറയുന്നു; നേരെമറിച്ച് അവയെ എതിർത്തെഴുതാതിരിക്കുകയല്ലയോ ഭേദം? പണ്ടത്തെന്ന്, വരുന്നതുവരട്ടെ എന്നുവെച്ച്, നാമൊന്നാലോചിയ്ക്കേണ്ട കാലമായി. അതു സത്യാവസ്ഥകളോടു കാട്ടേണ്ടുന്ന ഒരു സാധാരണ മര്യാദയല്ലയോ? ഇരുട്ടത്തു തപ്പിപ്പിടിച്ചും, വെളിച്ചത്താണെങ്കിൽ ചൂളിപ്പതുങ്ങിയും, ചിലപ്പോൾ കഥയില്ലാത്ത ധാർഷ്ട്യത്തോടുകൂടിയും എങ്ങും നടക്കുന്ന അവയെ നാം ഒരു സഹാനുഭൂതിയോടെ നോക്കിക്കാണേണ്ടതല്ലയോ? അതു മാത്രമല്ലയോ, അവയെ വാസ്തവത്തിൽ ശുദ്ധീകരിപ്പാൻ സഹായിക്കൂ? — ഇതൊക്കെ നാം സ്വതന്ത്രമായും സഗൗരവമായും ചിന്തിച്ചുനോക്കേണ്ടതാണ്. ("മേഘസന്ദേശം" മുഖവുര:)

കാളിദാസകാവ്യങ്ങളെ വ്യാഖ്യാനത്തിലൂടെ പരിചയപ്പെടുത്തുമ്പോൾ കവിയുടെ ജീവിതവീക്ഷണത്തോടും കാവ്യകലാബോധത്തോടും പൊരുത്തപ്പെടാത്ത പദ്യങ്ങളെ മാരാർ പ്രക്ഷിപ്തങ്ങളെന്നു പറഞ്ഞു മാററി നിർത്തിയിരിയ്ക്കുന്നു: ഉദാഹരണത്തിന് കാളിദാസൻേറതെന്നു പ്രസിദ്ധമായ, ഇനി ഉദ്ധരിയ്ക്കുന്ന ശ്ലോകം പോലും പ്രക്ഷിപ്തമാണെന്ന് അദ്ദേഹം യുക്തിയുക്തമായി സമർത്ഥിച്ചിട്ടുണ്ട്.

" മന്ദ: കവിയശഃപ്രാർത്ഥീ
ഗമിഷ്യാമ്യുപഹാസ്യതാം
പ്രാംശുലഭ്യേഫലേ ലോഭാ—
ദുദ്ബാഹുരിവവാമന: "

(' രഘുവംശം ' : സർഗ്ഗം: ഒന്ന്.)

ശ്രീ ഏ. ആർ. രാജരാജവർമ്മയുടെ " ഭാഷാഭൂഷണം " എന്ന അലങ്കാര ശാസ്ത്രഗ്രന്ഥത്തിന് ഒരു പൂരകമാണ് മാരാരുടെ " സാഹിത്യഭൂഷണം. " അദ്ദേഹത്തിൻേറ സ്വാതന്ത്ര്യബോധവും ശാസ്ത്രീയത്വവും ഈ കൃതിയിൽ ഉടനീളം തെളിയുന്നതു കാണാം.

ഛന്ദസ്സിൻേറ അടിസ്ഥാനം അക്ഷരങ്ങളുടെ ഗുരുലഘുക്രമമല്ലെന്നും താളാത്മകമായ നീട്ടിച്ചൊല്ലലിലാണ് വൃത്തങ്ങളുടെ തായ്‌വേരു കിടക്കുന്നതെന്നും, ഈണം എന്നു വിളിയ്ക്കാവുന്ന ഈ നീട്ടിപ്പാടലിൽ അക്ഷരങ്ങൾ ഏറെക്കുറെ മുഴുവൻ വീണു നികന്നുണ്ടായവയാണ് സംസ്കൃതവൃത്തങ്ങളെന്നും, മലയാള വൃത്തങ്ങളിലാവട്ടെ എത്ര കുറുക്കിച്ചൊല്ലിയാലും ബാക്കിയാവുന്ന ഈണങ്ങളുണ്ടെന്നും, അവയാണ് മലയാളവൃത്തങ്ങളുടെ നൈസർഗ്ഗികപ്രകൃതിയെന്നുമാണ് " വൃത്തശില്പത്തിൻേറ സിദ്ധാന്തം ഏററവും സ്വതന്ത്രമായ ഈ സംഭാവനയ്ക്കു " വൃത്തമഞ്ജരീ ഭാഷ്യം " എന്നും പേർകൊടുത്തിരിയ്ക്കുന്നു.

കേവലവ്യാകരണത്തെ ഉപസർജ്ജനമാക്കിയും വ്യാകരണാന്തർഗ്ഗതമായ ഭാഷാപ്രതിഭയെ പുരസ്കരിച്ചു കൊണ്ടും

എഴുതപ്പെട്ട ഭാഷയിലെ പ്രഥമകൃതിയാണ് “മലയാളശൈലി” “സാഹിത്യസാഹ്യ”ത്തിനു ശേഷം വ്യാകരണശാസ്ത്രത്തിൽ ഇത്രയും വിദഗ്ദ്ധമായെഴുതപ്പെട്ട ഒരുകൃതി വേറെഉണ്ടായിട്ടില്ല.

“വളർന്നുകൊണ്ടിരിയ്ക്കുന്ന ഒരു ഭാഷയിൽ ഉണ്ടായിവരുന്ന പുതുരീതികളുടെ നേർക്കെല്ലാം ‘അബദ്ധം! ശൈലീഭംഗം” എന്നും മററും പറഞ്ഞു നെററിചുളിയ്ക്കുന്നതു വിവേകമാവില്ല. അവയെ തടയാൻ നില്ക്കുന്നവർ അപഹാസ്യപൂർവ്വം പിൻതള്ളപ്പെടുകയല്ലാതെ ആ ഭാഷ അതുകണ്ടു പിൻവാങ്ങിനിന്നു എന്നു വരില്ലതാനും.” എന്നാണ് ഗ്രന്ഥകാരൻ ഗ്രന്ഥത്തിൻെറ പ്രഥമഖണ്ഡികയിൽ പ്രസ്താവിച്ചിരിയ്ക്കുന്നത്. ശരിയായ വ്യാകരണ ബോധത്തിൽ നിന്നും, അതിനേക്കാം വിപുലമായ ഭാഷാബോധത്തിൽ നിന്നും ജന്മമെടുത്ത ഒരു കൃതിയാണിത്. ആംഗലരീതിയിൽ അനൗചിത്യത്തെ മാരാർ ഈ കൃതിയിൽ ചോദ്യം ചെയ്യുന്നുണ്ട്.

സാഹിത്യം ഒരു വിദ്യയാണെന്ന മതക്കാരനാണ് മാരാർ. “സാഹിത്യവിദ്യ” എന്ന സാഹിത്യശാസ്ത്ര ഗ്രന്ഥത്തിലെ “സാഹിത്യവിദ്യ” എന്ന ഉപന്യാസം നോക്കുക. “ഭാരതീയർ സാഹിത്യത്തെ ഒരു വിദ്യയായി — ജ്ഞാനലബ്ധിയ്ക്കും മനസ്സംസ്കാരത്തിന്നുമുള്ള ഒരു ഉപകരണമായി — കണക്കാക്കി വന്നു. എങ്കിലും ഭാരതീയസാഹിത്യശാസ്ത്രകാരൻമാരിൽ അധികം പേരുടേയും ദൃഷ്ടി ചെന്നത് അതിൻെറ കലാംശത്തിലാണ്. പാശ്ചാത്യർ സാഹിത്യത്തെ ഒരു കലയായാണ് ഗണിച്ചുവന്നത് — കലകളിൽവച്ച് ഏററവും ഉൽകൃഷ്ടമായിട്ട്. അവർ എന്നിട്ടും രൂപത്തിൽ മാത്രമല്ലാതെ അതിൻെറ ഉള്ളടക്കത്തിലും വേണ്ടത്ര കണ്ണോടിയ്ക്കുകയുണ്ടായി. സാഹിത്യം പ്രധാനമായും ഒരു വിദ്യയാണെന്നു ഫലത്തിൽ അവരും അംഗീകരിച്ചുവെന്നർത്ഥം.

സാഹിത്യത്തിലെ വിദ്യാംശം മുഴുവൻ കലർപ്പും, കലാംശംമാത്രം മൗലികവുമാണെന്ന ഒരു വാദം കുറച്ചുമുമ്പു മലയാളത്തിൽ അവതരിപ്പിയ്ക്കപ്പെട്ടതു സാഹിത്യത്തിൻെറ ഈ മൗലിക സ്വഭാവം മനസ്സിലാക്കാതിരുന്നതുകൊണ്ടാണെന്ന് മാരാർ അഭിപ്രായപ്പെടുന്നു.

എന്നാൽ പിന്നെ, ' അഷ്ടാംഗഹൃദയ'ത്തിനും രഘുവംശത്തി'നും തമ്മിൽ വ്യത്യാസമെവിടെ? അവിടെയാണ് സാഹിത്യം ശാസ്ത്ര പുരാണാദികളിൽ നിന്ന് ഉരുത്തിരിയുന്നത്. സാഹിത്യത്തിൽ കലർപ്പുണ്ട്. പക്ഷേ ആ കലർപ്പ് വിദ്യയുടേതല്ല കലയുടേതാണ്. കലയുടെ കലർപ്പുള്ള വിദ്യയാണ്, മറിച്ചല്ല, സാഹിത്യമെന്നർത്ഥം. കല എന്നാൽ സംവിധാനഭംഗി. ശബ്ദ സംവിധാനം, അർത്ഥസംവിധാനം, അവയാൽ സഹൃദയ ഹൃദയത്തിൽ ഉദ്ദീപ്തമാകുന്ന ഭാവരസസംവിധാനം ഇങ്ങനെ കലാംശം കയറിക്കയറിപ്പോകുന്നു. എല്ലാകലകളും ഇവിടെ വന്നു നില്ക്കുന്നു. സാഹിത്യമാകട്ടെ ഇതിനും, അപ്പുറത്തേയ്ക്കു പോകുന്നു. ഇത് സാഹിത്യത്തിലെ മൗലികാംശമായ വിദ്യയുടെ പ്രവർത്തനമാകുന്നു. വിദ്യയുടെ ലക്ഷ്യം ഹൃദയസംസ്കരണമാണല്ലോ. ജീവിത വ്യാപാരങ്ങൾക്കു പ്രേരകമായി നില്ക്കുന്ന ശക്തിവിവികസിപ്പിച്ചും, ആ വ്യാപാരങ്ങളെ നിയന്ത്രിച്ചുമാണ് സാഹിത്യം മനസ്സിനെ സംസ്കരിക്കുന്നത്. ഇതാണ് സാഹിത്യത്തിനു ജീവിതത്തോടുള്ള ബന്ധവും." (എൻ. വി. കൃഷ്ണവാരിയർ: "സാഹിത്യവിദ്യ" — ഒരു പഠനം.)

—00—

# 6. ജീവിതസായാഹ്നം

1961 – ൽ മാരാർ "മാതൃഭൂമി"യിൽ നിന്നും പിരിഞ്ഞു. സാഹിത്യത്തിൽ നിന്ന് ആദ്ധ്യാത്മികതത്വത്തിലേയ്ക്കുള്ള വ്യക്തമായ വഴിത്തിരിവായിരുന്നു അത്. തിക്തമായ ജീവിതാനുഭവങ്ങളും വേദാന്തകാര്യങ്ങളിലുള്ള അവഗാഹവും ഈ പരിവർത്തനത്തിനു കാരണമായിത്തീർന്നിരിയ്ക്കാം.

1963 – ൽ സ്വാമിവിവേകാനന്ദൻെറ ജന്മശതാബ്ദിയായിരുന്നു. പട്ടാമ്പിയിൽ വിദ്യാർത്ഥിയായിരുന്ന കാലത്തു തന്നെ സ്വാമിജിയെ പ്പററി കേൾക്കുകയും മനസ്സിൽ ആരാധിയ്ക്കുകയും ചെയ്തിരുന്നു. നാലപ്പാട്ടുമായുള്ള ചിരന്തന സമ്പർക്കവും ആ ആരാധനയെ ഊട്ടിയുറപ്പിച്ചു.

'വിവേകാനന്ദസാഹിത്യം' മാരാർ കുറെയൊക്കെ വായിച്ചു പഠിച്ചു. വിലങ്ങനിലെ (തൃശൂർ) ശ്രീരാമകൃഷ്ണാശ്രമം വകയായി പ്രസിദ്ധപ്പെടുത്തിയ "വിവേകാനന്ദ സർവ്വസ്വം" എന്ന ഗ്രന്ഥപരമ്പരയുടെ (ഏഴുവാല്യങ്ങൾ) പ്രസാധകസമിതിയിൽ മരാർ ഒരംഗമായിരുന്നു.

1963 – ലായിരുന്നു പത്നിയുടെ ചരമം. ആ സംഭവ അദ്ദേഹത്തെ കൂടുതൽ ആദ്ധ്യാത്മികതയിലേയ്ക്കടുപ്പിച്ചു. 1968 – ൽ പ്രസിദ്ധപ്പെടുത്തിയ "ഋഷിപ്രസാദം" എന്ന ആദ്ധ്യാത്മികലേഖന സമാഹാരം, പ്രകൃതിയിൽ ലയിച്ചു പോയ തൻെറ പത്നിയ്ക്കാണ് അദ്ദേഹം ഹൃദയപൂർവ്വം സമർപ്പിച്ചിട്ടുള്ളത്.

1965 നവമ്പർ 23 –ാം തീയതി ശ്രീ സത്യസായിബാബയുടെ നാല്പതാം പിറന്നാളിനു പുട്ടപ്പർത്തിയിൽ (ബാംഗളൂരിന്നടുത്ത്– ആന്ധ്രാസംസ്ഥാനം) ചെന്ന് ഒരാഴ്ച ഭജിച്ചിരുന്നു. "കല ജീവിതം തന്നെ" എന്ന വഴിയ്ക്കു നടന്ന് "ആദ്ധ്യാത്മികതയാണ് തികഞ്ഞ ജീവിതം" എന്നു ബോദ്ധ്യപ്പെട്ടതിനുശേഷം ശ്രീ സത്യസായിബാബയുടെ സത്യം, ധർമ്മം,

ശാന്തി, പ്രേമം എന്നീ മുദ്രാപദങ്ങളേയും മററും ഗീത, ഉപനിഷത്തുകൾ എന്നിവയെ ആശ്രയിച്ചു വ്യാഖ്യാനിച്ചു നിരവധി പ്രബന്ധങ്ങൾ രചിച്ചു.

ബാബയുടെ നിരന്തരം ചൊരിഞ്ഞു കൊണ്ടിരുന്ന പ്രേമകാരുണ്യഭാവങ്ങളാണ് അദ്ദേഹത്തെ സായീഭക്തനാക്കിയത്. അതോടൊപ്പം ആ മുഖത്തു കളിയാടിയിരുന്ന ശാന്തിസ്മിതവും. ബാബയുടെ സർവ്വമതസമന്വയവും, ലോകസംഗ്രഹപരായണതയും, ദീനാതുരസേവനവും, സരസ്വതീപ്രസാദവും മാരാരെ ഹഠാദാകർഷിച്ചു. ഗാന്ധിജിയെയും വിനോബാജിയെയും മാരാർ മാതൃകാ മനുഷ്യരായി ദർശിച്ചിരുന്നു. ജീവിതത്തിൻെറ സാന്ധ്യവേളയിൽ ശാന്തിയും സമാധാനവും ബാബ പ്രദാനം ചെയ്തു.

ദുർഗ്രഹമായ വേദാന്തതത്വങ്ങളെ ലളിതമധുരമായി വ്യാഖ്യാനിയ്ക്കുവാൻ മാരാർക്കുള്ള കഴിവ് അന്യാദൃശമായിരുന്നു. ഞാനാര്? എന്ന ചോദ്യത്തിന് ഉത്തരമായി അദ്ദേഹം പറയുന്നതു നോക്കുക: “ഞാൻ ശരീരമല്ല തന്നെ. പലപ്പോഴും ഇതു ഞാനാണെന്നുതോന്നിപ്പോകാത്തവണ്ണം ഇതെൻെറത് തന്നെ, എന്നാലും ഞാനല്ല. ഇതു ഞാൻ വേണമെന്നുവെച്ചു നേടിയതല്ല, ഇങ്ങനെയൊന്നു വേണമെന്നു വിചാരിച്ചതിൻെറ ഒരോർമ്മയും എനിയ്ക്കില്ല. ഇതിൻെറ സൗരൂപ്യത്തിന്നോ വൈരൂപ്യത്തിന്നോ ബലത്തിന്നോ ബലക്കുറവിന്നോ ഒന്നിനും ഞാനല്ല ഉത്തരവാദി. ആരോ തോന്നിയപാടു പണിചെയ്തിട്ട് വീടു ഞാൻ കൂലിയ്ക്കു വാങ്ങിയാലത്തെപ്പോലുള്ളതാണ് എനിയ്ക്കിതിനോടുള്ള ബന്ധം. എന്നിട്ട് ഞാൻ ‘കിടച്ചത് കല്യാണം’ എന്ന നിലയിൽ ഇതിനു വഴങ്ങുകയും, ഇതിനെ തേച്ചു തുടച്ചു മിനുക്കി കണ്ണാടിയിൽ നോക്കി, ‘ഇതുതന്നെയാണ് എനിയ്ക്കുവേണ്ടിയിരുന്നതെ’ന്നുറപ്പിച്ച് ഇതിന് അടിപ്പെടുകയും ചെയ്യുന്നു. ഇതിനു മാററങ്ങളും കെടുതികളും വരുന്നതിനെ ഒഴിവാക്കുവാൻ മിക്കവാറും ഞാനാളാകുന്നില്ല. ഒടുക്കം എൻെറ പിടി ഇതിന്മേൽ ഇറുകി മുറുക്കിയിരിയ്ക്കത്തന്നെ, ഒരുനാൾ ഇതങ്ങ് കൈവഴുതിപ്പോകയും ചെയ്യുന്നു — പറയത്തക്കമെന്നറിയിപ്പു പോലും തരാതെ ! ഉൽപത്തിസ്ഥിതിലയങ്ങളെന്ന ഈ മൂന്നവസ്ഥ

യിലും എൻെറ ശരീരം എനിയ്ക്കധീനമല്ല, മററാർക്കധീനമെന്ന് എനിക്കൊട്ടും അറിഞ്ഞും കൂടാ. ”

(“ ഋഷിപ്രസാദം ”)

വസ്തുസത്തയെ വേണ്ടുംവണ്ണം ഗ്രഹിയ്ക്കാൻ ബാഹ്യേന്ദ്രിയങ്ങൾക്കുള്ള അസമർത്ഥതയെ മാരാർ ഉദാഹരിയ്ക്കുന്നതിങ്ങനെയാണ്: “ നാല്പത് നാല്പത്തഞ്ച് വയസ്സായപ്പോഴ് അന്നോളം നോക്കിവായിച്ചിരുന്നതൊന്നും വായിക്കരുതാതായി. പുസ്തകമെടുത്തു നോക്കിയാൽ ആകെ ഒരു മങ്ങൽ മാത്രം. പുസ്തകത്തിലെ അക്ഷരങ്ങളുടെ മഷി പരന്നതുകൊണ്ടല്ല, കണ്ണിന് കാലപ്പഴക്കത്താൽ കുറേക്കൂടി കഴിവുകേട് വന്നതുകൊണ്ട്. അതുനികത്താൻ പാകത്തിൽ ഒരു കണ്ണടവച്ചു, എല്ലാം മുന്നേപ്പോലാവുകയും ചെയ്തു ( ഈ വിദ്യ കണ്ടുപിടിച്ച വിദ്വാന്മാർക്ക് പ്രാതഃസ്മരണം ) ഇവിടെ കണ്ണിൻെറ കാഴ്ചക്കഴിവിലല്ലാതെ പുസ്തകത്തിൽ ഒരു മാററവും വന്നിട്ടില്ല. ഈ അറിവുംവച്ച്, മൈക്രോസ്കോപ്പുകളും ടെലസ്കോപ്പുകളും എടുത്തുനോക്കുക: അവ അത്യന്തസൂക്ഷ്മവസ്തുക്കളെ നൂറോ ആയിരമോ പതിനായിരമോ ഇരട്ടിവലിപ്പത്തിലും, വിദൂരവസ്തുക്കളെ നന്നെ അടുപ്പിച്ചും കാട്ടിത്തരുന്നു യന്ത്രംകൊണ്ട് മാററം വരുന്നത് വസ്തുരൂപത്തിലല്ല, നോക്കുന്നവൻെറ കാഴ്ചയിലാണെന്ന് സിദ്ധം. എങ്കിൽ, ഈ കാണപ്പെടുന്ന വസ്തുക്കളുടെ നേരായ അളവും അകലവും എന്ത് ? പരമാണുവിൻെറ ശരിയായ വലിപ്പം നൂറുമടങ്ങോ പതിനായിരം മടങ്ങോ ? ആയിരം നാഴിക അകന്നത് പത്തുനാഴിക അടുത്തോ തൊട്ടടുത്തോ ? ഏതെങ്കിലുമൊന്ന് നിർണ്ണയിപ്പാൻ ഒരു പ്രമാണവുമില്ല. നാമുപയോഗിയ്ക്കുന്ന ഉപകരണങ്ങളുടെ—ഇന്ദ്രിയത്തിൻെറയും യന്ത്രത്തിൻെറയും—കഴിവനുസരിച്ച് എത്രയെങ്കിലും ചെറുതായും വലുതായും അകന്നും അടുത്തും കാണാവുന്ന അമേയതയാണ് ഇക്കാണാകുന്നതൊക്കെ എന്ന് വരാം; വരുന്നു. മറിച്ചുപറഞ്ഞാൽ, ഒരു വസ്തുവിൻെറ വാസ്തവാവസ്ഥ നമുക്കറിഞ്ഞുകൂടാ, നമ്മുടെ ദർശനോപകരണങ്ങളുടെ കഴിവിനൊത്തവണ്ണം നാം വലുപ്പച്ചെറുപ്പങ്ങളും അകലമടുപ്പ

ങ്ങളും സങ്കല്പിച്ചുവ്യവഹരിയ്ക്കുന്നു എന്നുമാത്രം. ഇതിനെയാണ് വേദാന്തികൾ വ്യാവഹാരികസത്യം എന്നു പറയുന്നത്. ''

( ''ഋഷിപ്രസാദം '' )

ഇങ്ങനെ സാധാരണക്കാർക്കു മനസ്സിലാക്കുവാൻ പ്രയാസമുള്ള അതിഗഹനമായ വേദാന്തതത്വങ്ങളെ സരളമധുരമായ ഭാഷയിൽ ആവിഷ്കരിക്കുവാൻ മാരാർക്കുള്ള കഴിവിന് നിദർശനമാണ് ''ഋഷിപ്രസാദം''.

നീണ്ടുമെലിഞ്ഞ ശരീരം, ഒട്ടിയ കവിൾത്തടങ്ങൾ, ഉയർന്ന നാസിക, ആഴമാർന്ന കണ്ണുകൾ, നരകയറിയ തലമുടി, വിശാലമായ നെററിത്തടം — ആ കപ്പാടെ അശുവായ ഒരു മനുഷ്യൻ! അല്പം മുൻശുണ്ഠിയും. ഇതായിരുന്നു നിരൂപകപ്രൗഢനായ മാരാരുടെ ചിത്രം.

ജീവിതാന്ത്യത്തിനു തൊട്ടുമുമ്പുള്ള അല്പകാലം അദ്ദേഹത്തിന്റെ മാനസികസമനില തെററിപ്പോയിരുന്നതായി പറയപ്പെട്ടിരുന്നു.

1973 ഏപ്രിൽ 9_ാനു- രാത്രി കോഴിക്കോട്ടുവച്ച് ശ്രീ കുട്ടിക്കൃഷ്ണമാരാർ കഥാവശേഷനായി.

അസാധാരണമായ വ്യുൽപത്തിയും പ്രതിഭയും നിറഞ്ഞ അധൃഷ്യനായ ഈ സാഹിത്യാചാര്യന്റെ തിരോധാനം മലയാളഭാഷയ്ക്കൊരു തീരാനഷ്ടം തന്നെ. എങ്കിലും മാരാരുടെ അപൂർവ്വമായ വ്യക്തിത്വത്തിൽ നിന്നുരൂപം കൊണ്ട മഹത്തായ കൃതികളിൽ അന്യൂനവും തേജോമയവുമായ ആ മനസ്സിന്റെ ചൈതന്യവും വികാസവും നമുക്ക് എല്ലായ്പോഴും ദർശിയ്ക്കാവുന്നതാണ്.

—**—

## അനുബന്ധം – A

### ശ്രീ കുട്ടിക്കൃഷ്ണമാരാരുടെ കൃതികൾ.

**A.** സാഹിത്യ ശാസ്ത്രം.

1. സാഹിത്യഭൂഷണം. (സാഹിത്യശാസ്ത്രം: 1929)
2. വൃത്തശില്പം. (വൃത്തശാസ്ത്രം: 1952)
3. മലയാളശൈലി. (വ്യാകരണശാസ്ത്രം. 1942)
4. ഭാഷാപരിചയം. (ബാലവ്യാകരണശാസ്ത്രം. 1942)
5. ഭാഷാവൃത്തങ്ങൾ. (ബാലവൃത്തശാസ്ത്രം. 1942)
6. സാഹിത്യവിദ്യ. (സാഹിത്യശാസ്ത്രം. 1948)
7. ഹാസ്യസാഹിത്യം. (സാഹിത്യശാസ്ത്രം. 1957)

**B.** നിരൂപണം.

1. ഭാരതപര്യടനം (ഇതിഹാസനിരൂപണം.) 1950)
2. രാജാങ്കണം. (നിരൂപണങ്ങൾ) 1947
3. സാഹിത്യസല്ലാപം. ( ,, ) 1946
4. കൈവിളക്ക്. ( ,, ) 1951
5. ചർച്ചായോഗം. ( ,, ) 1952
6. ദന്തഗോപുരം. ( ,, ) 1957

**C.** ലേഖനങ്ങൾ – പലവക:

1. പതിനഞ്ചുപന്യാസം. 1963
2. പലരും പലതും. 1953
3. ഇങ്ങുനിന്നങ്ങോളം. 1966
4. ശാസ്ത്രവും സയൻസും. 1968
5. കലജീവിതംതന്നെ. (തെരഞ്ഞെടുത്തലേഖനങ്ങൾ) 1965
6. ഋഷിപ്രസാദം. (ആദ്ധ്യാത്മികലേഖനങ്ങൾ: 1968)

D. ഗദ്യപരിഭാഷ (സംസ്കൃതത്തിൽനിന്ന്)

1. മേഘസന്ദേശം. 1943
2. കുമാരസംഭവം. 1944
3. രഘുവംശം. 1949
4. അഭിജ്ഞാനശാകുന്തളം. 1964

E. കവിത—നാടകം.

1. നിഴലാട്ടം. 1946

F. ബാലസാഹിത്യം.

1. വിശ്വാമിത്രൻ (ജീവചരിത്രം. 1949)

—**—

## അനുബന്ധം — B

### സഹായകഗ്രന്ഥങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും.


1. കേരളസാഹിത്യചരിത്രം— പി. കെ. പരമേശ്വരൻനായർ.
2. ഗദ്യസാഹിത്യചരിത്രം— ടി. എം. ചുമ്മാർ.
3. കുട്ടികളുടെ സാഹിത്യചരിത്രം— ഏവൂർ പരമേശ്വരൻ.
4. കൈരളിയുടെ കഥ— പ്രൊഫ. എൻ. കൃഷ്ണപിള്ള.
5. നിരൂപണം മലയാളത്തിൽ— പലർ
6. വിമർശനം മലയാളത്തിൽ— പലർ
7. ' സാഹിത്യലോകം ': വാല്യം 2 നമ്പർ. ഒന്ന്.
8. വിശ്വവിജ്ഞാനകോശം: വാല്യം 4
9. " മാതൃഭൂമി "ആഴ്ചപ്പതിപ്പ്: 73. വാർഷികപ്പതിപ്പ്.
10. വള്ളത്തോൾ സ്മാരകോപഹാരം. 1965
11. എൻ. ബി. എസ്. ബുള്ളററിൻ 73 ഏപ്രിൽ.
12. നാലപ്പാട്ടിൻെറ ഡയറി.
13. വള്ളത്തോളിൻെറ ഡയറിക്കുറിപ്പുകൾ.
14. " മലയാള മനോരമ: " വാർഷികപ്പതിപ്പ്; 69.
15. ' സമാലോചന '. പ്രൊഫ. എസ്. ഗുപ്തൻനായർ.
16. കന്നിക്കൊയ്ത്ത്— വൈലോപ്പിള്ളി.
17. " ഗ്രന്ഥവിഹാരം " — വള്ളത്തോൾ.
18. "മലയാളരാജ്യം " വാർഷികപ്പതിപ്പ്. 63
19. " അന്വേഷണം " മാസിക 1970. വാർഷികപ്പതിപ്പ്.
20 അന്വേഷണം " മാസിക " 1968. വാർഷികപ്പതിപ്പ്.
21. നിരൂപണസാഹിത്യം — കവിസദസ്സ്.
22. കൊഴിഞ്ഞ ഇലകൾ (ഭാഗം ഒന്ന്) പ്രൊഫ. മുണ്ടശ്ശേരി.
23. കാലത്തിൻെറ കണ്ണാടി — പ്രൊഫ. മുണ്ടശ്ശേരി.
24 വ്യാസമഹാഭാരതം (ഗദ്യപരിഭാഷ) — വിദ്വാൻ. കെ. പ്രകാശം. (നാല്പതുവാല്യങ്ങൾ.)

25. കുട്ടികളുടെ മഹാഭാരതം: — മിസിസ് സരോജിനിഅമ്മ.
26. കവിസപര്യ — എം. ആർ. ബി.
27. കണ്ണുനീർത്തുള്ളി — നാലപ്പാട്.
28. " സാഹിത്യമഞ്ജരികാരം " — വള്ളത്തോൾ.
29. ' സാഹിത്യലോകം. ' വാല്യം ഒന്ന്: നമ്പർ. 6.
മേയ് — ജൂൺ 1970
30. പത്തുഗദ്യകാരൻമാർ — ടാററാപുരം സുകുമാരൻ.
31. രംഗമണ്ഡപം — വി. വി.
32. മാരാരും കൂട്ടരും — വി.വി.
33. " ജനയുഗം " — ഓണപ്പതിപ്പ്: 1969.
34. " സമീക്ഷ " — 1964 (നമ്പർ ൦.)
35. കേരളത്തിലെ എഴുത്തുകാർ — ഭാഗം 2. — എരുമേലി.
36. പവിഴത്തുരുത്തുകരം — ഏ. പി. പി. നമ്പൂതിരി.
37. മാരാരും മലയാള സാഹിത്യവും — പലർ.
38. ഇന്നത്തെ സാഹിത്യകാരൻമാർ — സി. പി. ശ്രീധരൻ.
39. ബാലാമണിയമ്മയുടെ കൃതികരം.
40. വള്ളത്തോരം. സപ്തതി ഉപഹാരഗ്രന്ഥം

—**—

SCHOOL,

6807

മലയാളസാഹിത്യകാരന്മാർ- നമ്പർ: 8

230

# കുട്ടികൃഷ്ണമാരാർ

(സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ശ്രീ. മേലാറ്റൂർ രാധാകൃഷ്ണൻ തയ്യാറാക്കിയത്)

STATE INSTITUTE OF EDUCATION TRIVANDRUM.

1977